# വിശ്വാസസംരക്ഷകൻ

## ഇടുക്കി ഭദ്രാസനം സ്പെഷ്യൽ


ഏപ്രിൽ 2008

# ഇടുക്കി ഭദ്രാസനം യാഥാർത്ഥ്യമായി

# ഒരു ജനതയുടെ ആത്മസാക്ഷാത്കാരം

## പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ അനുഗ്രഹ കല്പന ലഭിച്ചു





## ശ്രേഷ്ഠ ബാവാ തിരുമനസ്സുകൊണ്ട് ഭദ്രാസന ചുമതലയേറ്റു

വീണ്ടും പുനരുജ്ജീവിപ്പിക്കുന്ന ഇടുക്കി ഭദ്രാസനത്തിന് എല്ലാ അനുഗ്രഹങ്ങളും ആശംസകളും നേർന്നുകൊണ്ട് ആകമാന സുറിയാനി സഭയുടെ തലവൻ മോറാൻ മോർ ഇഗ്നാത്തിയോസ് സാഖാ പ്രഥമൻ ബാവാ തിരുമനസ്സുകൊണ്ട് കല്പന പുറപ്പെടുവിച്ചു. 2002 -ലെ ഭരണഘടനയുടെ അടിസ്ഥാനത്തിൽ പുതിയതായി രൂപംകൊള്ളുന്ന ഭദ്രാസനത്തിന്റെ ചുമതല ശ്രേഷ്ഠ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് ഏറ്റെടുത്തു.

കട്ടപ്പന: യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭയ്ക്കു 1979 - ൽ ഉണ്ടായിരുന്നതും പിന്നീട് പ്രവർത്തനം നിലച്ചുപോയതുമായ ഇടുക്കി ഭദ്രാസനം പുനർജീവിപ്പിക്കപ്പെട്ടു. 24-03-2008 തിങ്കളാഴ്ച കട്ടപ്പന സെന്റ് ജോർജ്ജ് യാക്കോബായ സുറിയാനി പള്ളിയിൽ ചേർന്ന ഇടുക്കി മേഖലയിലെ പള്ളി പ്രതിനിധികളുടെ യോഗത്തിൽ വച്ച് ശ്രേഷ്ഠ കാതോലിക്ക ആബൂൻ മോർ ബസേലിയോസ് തോമസ് പ്രഥമൻ ബാവാ തിരുമനസ്സുകൊണ്ട് ഇടുക്കി ഭദ്രാസനത്തിന്റെ ഭരണ ചുമതല ഏറ്റെടുത്തു. യാക്കോബായ സുറിയാനി സഭയുടെ കോട്ടയം, കണ്ടനാട് ഭദ്രാസനങ്ങളോട് ചേർന്ന് പ്രവർത്തിച്ചുവന്നിരുന്ന 15 പള്ളികളാണ് ഇടുക്കി ഭദ്രാസനത്തിൽ ഉൾപ്പെടുന്നത്.

വെരി. റവ. വർഗീസ് ജോൺ കോറെപ്പിസ്കോപ്പാ പഞ്ഞിക്കാട്ടിൽ സ്വാഗതം ആശംസിച്ച യോഗത്തിൽ പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തോടും അതിൽ ഭാഗ്യമോടെ വാണരുളുന്ന പരിശുദ്ധ പാത്രിയർക്കീസ് ബാവയോടും, സഭയുടെ ഭാരതത്തിലെ തലവൻ ശ്രേഷ്ഠ കാതോലിക്കാബാവയോടും പരിശുദ്ധ സിംഹാസനത്തിൻ കീഴിൽ ഉറച്ചുനിൽക്കുന്ന എല്ലാ മെത്രാപ്പോലിത്താമാരോടും ഇടുക്കി ഭദ്രാസനത്തിലുള്ള വിധേയത്വവും അനുസരണവും വ്യക്തമാക്കുന്ന ഭക്തി പ്രമേയം റവ. ഫാ. എൻ. എം. പൗലോസ് അവതരിപ്പിച്ചു. നോട്ടീസ് കൽപ്പന വെരി. റവ. കുര്യാക്കോസ് കോറെപ്പിസ്കോപ്പാ പോത്താനിക്കൽ വായിച്ചു.

ഇടുക്കി ഭദ്രാസനത്തിന്റെ പ്രസക്തിയെ സംബന്ധിച്ച് ശ്രേഷ്ഠ കാതോലിക്കാ ആബൂൻ മോർ ബസേലിയോസ് തോമസ് പ്രഥമൻ ബാവാ തിരുമനസ്സുകൊണ്ട് അദ്ധ്യക്ഷ പ്രസംഗം നടത്തി ഉദ്ബോധിപ്പിച്ചു. കോട്ടയം കണ്ടനാട് ഭദ്രാസനങ്ങളുടെ കീഴിൽ ഇടുക്കി ജില്ലയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന എല്ലാ ദേവാലയങ്ങളും ഇനി മുതൽ ഇടുക്കി ഭദ്രാസനത്തിൽ കീഴിൽ ആയിരിക്കുമെന്നും ഏപ്രിൽ ഒന്നു മുതൽ ഈ ദേവാലയങ്ങളുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ഇടുക്കി ഭദ്രാസനത്തിന്റെ ചുമതലയിൽ നടത്തപ്പെടുമെന്നും ശ്രേഷ്ഠ ബാവാ കല്പിച്ചു. ഭദ്രാസന ഭരണക്രമീകരണം സംബന്ധിച്ച് എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ സെക്രട്ടറി അഭിവന്ദ്യ ജോസഫ് മോർ ഗ്രിഗോറിയോസ് മെത്രാപ്പൊലിത്താ സംസാരിച്ചു. അങ്കമാലി ഭദ്രാസനത്തിന്റെ ഹൈറേഞ്ച് മേഖലയുടെ മെത്രാപ്പൊലിത്താ അഭിവന്ദ്യ മാത്യൂസ് മോർ അപ്രേം തിരുമനസ്സുകൊണ്ട് അനുഗ്രഹ പ്രഭാഷണം നടത്തി. സമുദായ സെക്രട്ടറി തമ്പു ജോർജ്ജ് തുകലൻ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. യോഗത്തിൽ വച്ച് ഭദ്രാസന സെക്രട്ടറിയായി റവ. ഫാ. പി. വി. ജോൺ പഞ്ഞിക്കാട്ടിൽ, അത്മായ ജോയിന്റ് സെക്രട്ടറിയായി ഷെവ. പി. വി. ജോൺ പുന്നമറ്റം, 15 അംഗ ഭദ്രാസന കൗൺസിൽ അംഗങ്ങൾ എന്നിവരെ ശ്രേഷ്ഠ ബാവാ നിയമിച്ചു.

ഭദ്രാസനത്തിന്റെ താൽക്കാലിക ഓഫീസ് കട്ടപ്പന സെന്റ് ജോർജ്ജ് യാക്കോബായ പള്ളിയോടനുബന്ധിച്ച് പ്രവർത്തിക്കുന്നതിനും തീരുമാനിച്ചു.

## കുടിയേറ്റ ജനതയുടെ ചിരകാല സ്വപ്നം പൂവണിയുമ്പോൾ

ഇടുക്കി ഭദ്രാസനത്തിന്റെ രൂപീകരണം. ഒരു ജനതയുടെ സന്തോഷത്തിന്റേയും ആത്മസംതൃപ്തിയുടെയും പൂർത്തികരണത്തിന്റെ നിമിഷങ്ങളാണ് സമ്മാനിക്കുന്നത്. 1979-ൽ രൂപികരിക്കപ്പെടുകയും പിന്നീട് പ്രവർത്തനം നിലച്ചതുമായ ഈ ഭദ്രാസനത്തിന്റെ പ്രവർത്തനങ്ങൾ ഏപ്രിൽ മാസത്തോടെ വീണ്ടും പുനർജീവിക്കപ്പെടുന്നു. പ. സഭയുടെ ആകെയുള്ള വളർച്ചയിൽ പങ്കാളികളാകാൻ ഈ കുടിയേറ്റ ജനതയ്ക്കും അവസരം കൈവന്നിരിക്കുന്നു. തങ്ങളുടെ മുൻഭദ്രാസന ആസ്ഥാനങ്ങളുമായുള്ള ദൂരം ഇതുവരെ ഇവരെ അലട്ടിയിരുന്നു. ഒരു ചെറിയ കൂട്ടം ജനങ്ങൾ മാത്രമാണ് ഈ ഭദ്രാസനത്തിന്റെ കീഴിൽ വരുന്നത്. കൂടുതലും അദ്ധ്വാനിയ്ക്കുന്ന കർഷകനും, കർഷകതൊഴിലാളികളും ഇടത്തരക്കാരും ആണ് ഈ ചെറിയ കൂട്ടത്തിൽ ഉള്ളത്. അവർക്ക് പ. സഭയോടുള്ള കടപ്പാടും, സ്നേഹവും, വിശ്വാസവുമാണ് ഈ രീതിയിൽ നിലനിൽക്കാൻ ഇവരെ പ്രേരിപ്പിച്ചിട്ടുള്ളത്. മുൻപോട്ട് ഈ ഭദ്രാസനത്തിന്റെ വളർച്ചയെ ലക്ഷ്യമാക്കി വലിയൊരു ത്യാഗത്തിന് ഈ ജനം തയ്യാറാകേണ്ടിയിരിക്കുന്നു.

ശൈശവദിശയിലുള്ള ഈ ഭദ്രാസനം എല്ലാം പുതിയതായി കണ്ടെത്തേണ്ടിയിരിക്കുന്നു. മെത്രാപ്പോലിത്താ, ഭദ്രാസനാസ്ഥാനം, വൈദീകർ, വരുമാന ക്രമീകരണങ്ങൾ ഇവയെല്ലാം ഇതിൽപെടും. ഏത് പ്രതിസന്ധികളെയും നേരിടുവാനുള്ള ഇച്ഛാശക്തി ഇവർക്ക് ഉണ്ട് എന്നതിൽ സംശയമില്ല. ഈ ഭദ്രാസനത്തെ സഹായിക്കുകയെന്നത് ഓരോ സഭാ വിശ്വാസിയുടെയും കടമയാണ്. വിദേശത്തുള്ള സഹോദരങ്ങൾ സഭാ വളർച്ചയിൽ മുഖ്യ പങ്കാണ് വഹിക്കുന്നത്. അടുത്ത കാലത്ത് ഉണ്ടായ സഭയുടെ പല പദ്ധതികളും ഇവരുടെ സഹകരണത്തോടെയാണ് നടക്കുന്നത്. ഇടുക്കിയുടെ കാര്യത്തിലും പ്രത്യേക പരിഗണന എല്ലാ വിഭാഗം ജനങ്ങളിൽ നിന്നും ഉണ്ടാവണം.

ഇടുക്കി ഭദ്രാസന രൂപീകരണത്തിന് ദീർഘ നാളായി ത്യാഗങ്ങൾ സഹിച്ചവർ അനേകരുണ്ട്. അവരുടെ പ്രവർത്തനങ്ങളുടെ പ്രതിഫലം കൂടിയാണ് ഈ ഭദ്രാസനം. കോട്ടയം കണ്ടനാട് ഭദ്രാസനത്തിലെ പല വൈദികരും ഈ പ്രദേശത്ത് വന്ന് ആത്മിയ ശുശ്രൂഷ നിവർത്തിച്ചിരുന്നു. അവരുടെ സേവനങ്ങൾ ആദരവോടെ മാത്രമേ സ്മരിക്കാൻ സാധിക്കൂ. കിഴക്കൻ പ്രദേശത്ത് എല്ലാ പ്രതികൂല അവസ്ഥകളെയും നേരിട്ട് സത്യ വിശ്വാസത്തിൽ ഉറച്ചു നിന്ന വൈദീകശ്രേഷ്ഠരും, വിശ്വാസികളും ഉണ്ട്. പ. സഭയോട് അവരുടെ വിശ്വാസം അതിരറ്റതാണ്. വന്ദ്യ പഞ്ഞിക്കാട്ടിൽ വർഗീസ് കോറപ്പിസ്കോപ്പായും, പോത്താനിക്കൽ കുറിയാക്കോസ് കോറെപ്പിസ്കോപ്പായും, ഷെവ. പി. വി. ജോൺ പുന്നമറ്റവും അടക്കമുള്ള നേതാക്കന്മാർ ഭദ്രാസന രൂപീകരണം സംബന്ധിച്ച് സഹിച്ച ത്യാഗങ്ങൾ അനവധിയാണ്. ഇവരെയും ഈ ഭാഗത്ത് ശുശ്രൂഷചെയ്യുന്ന വൈദീകരെയും അഭിനന്ദനത്തിന്റെ പൂച്ചെണ്ടുകൾ അറിയിക്കുന്നു.


കോട്ടയം ഭദ്രാസന മെത്രാപ്പോലിത്താ അഭി. തോമസ് മോർ തിമോത്തിയോസ്, കണ്ടനാട് ഭദ്രാസന മെത്രാപ്പോലിത്താ അഭി. മാത്യൂസ് മോർ ഈവാനിയോസ് എന്നീ പിതാക്കന്മാർ ഇത്രയും കാലം ഈ മേഖലയിലെ ജനങ്ങളെ കരുതി പോന്നിരുന്നു എന്നതിന്റെ തെളിവാണ്, കത്തിപാറതടത്തെ പുതിയ പള്ളിയുടെ സ്ഥലവും, വാളാടിയിലെ സെന്ററും എല്ലാം. പുതിയ ഭദ്രാസനങ്ങളുടെ രൂപീകരണത്തിലൂടെ സഭ വളരുമെന്ന് സഭാംഗങ്ങളോടൊപ്പം ശ്രേഷ്ഠ ബാവായും വിശ്വസിക്കുന്നു. ഇടുക്കി ഭദ്രാസനം പുനർജീവിപ്പിക്കുന്നതിന് ബാവാ തിരുമനി എല്ലാ പിന്തുണയും നൽകിയിരുന്നു. സഭയുടെ വളർച്ചയെ കുറിച്ചുള്ള ബാവാ തിരുമേനിയുടെ, ദൂരകാഴ്ചയുടെ പ്രതിഫലനം കൂടിയാണ് ഈ ഭദ്രാസനം.

ഇടുക്കി ഭദ്രാസനം രൂപീകരിക്കപ്പെടുമ്പോൾ വിസ്മരിക്കപ്പെടുവാൻ സാധിക്കാത്ത മൂന്ന് പിതാക്കന്മാരാണ് കാലം ചെയ്ത പുണ്യശ്ലോകനായ ശ്രേഷഠ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവാ, പുണ്യശ്ലോകനായ പെരുമ്പള്ളി ഗീവർഗീസ് മോർ ഗ്രിഗോറിയോസ് തിരുമേനി, പുണ്യശ്ലോകനായ ഫീലിപ്പോസ് മോർ ഈവാനിയോസ് തിരുമേനി, പരിശുദ്ധനായ പൗലോസ് ദ്വിതീയൻ ബാവാ തിരുമനസ്സുകൊണ്ട് കോട്ടയത്തിന്റെ കിഴക്കൻ പ്രദേശത്ത് സത്യവിശ്വാസികളെ ഒന്നിപ്പിക്കുന്നതിന് അക്ഷീണം പരിശ്രമിച്ചു. കിഴക്കൻ പ്രദേശത്താണ് പ. പിതാവ് തന്റെ വൈദീകവൃത്തി തുടങ്ങിയത്. പുണ്യശ്ലോകനായ പെരുമ്പള്ളി തിരുമേനിയും, ഇപ്പോഴത്തെ നമ്മുടെ ബാവാ തിരുമേനിയും മെത്രാപ്പോലിത്ത സ്ഥാനം ഏറ്റ് വന്നതിന് ശേഷം കിഴക്കൻ പ്രദേശത്തെ നമ്മുടെ വിശ്വാസികൾക്ക് ഉണർവ്വ് പകർന്നു. ഇപ്പോൾ ഈ പ്രദേശത്തുള്ള പല ദേവാലയങ്ങളും പെരുമ്പള്ളി തിരുമേനിയുടെ സ്വന്തം പേരിലാണ് ഉടമ്പടി ചെയ്യപ്പെട്ടിരിക്കുന്നത്. ആ ശ്രേഷഠ ആചാര്യനിലുള്ള അചഞ്ചലമായ വിശ്വാസത്തിന്റെ പ്രതിഫലനമായിരുന്നു ഈ ഉടമ്പടികൾ.


ഇടുക്കി ഭദ്രാസനത്തിന്റെ ആദ്യത്തെ മെത്രാപ്പോലിത്താ അഭി. ഫീലിപ്പോസ് മോർ ഇവാനിയോസ് തിരുമേനിയായിരുന്നു. അക്കാലത്ത് ഈ പ്രദേശത്ത് കുടിയേറിപാർത്ത ജനങ്ങൾക്ക് ഇന്നത്തെ പോലെ സാമ്പത്തിക സ്ഥതി ഇല്ലായിരുന്നു. ഒരു ഭദ്രാസനം നയിച്ചുകൊണ്ട് പോകുവാൻ പല പ്രതിബന്ധങ്ങളും നേരിടേണ്ടിവന്ന ആദ്യകാലത്ത്, ഈ പ്രദേശത്ത് വന്ന് ത്യാഗപൂർവ്വമായ സേവനം ചെയ്ത ആ പുണ്യ പിതാവിനെ ഒരിക്കലും വിസ്മരിയ്ക്കാവുന്നതല്ല. പുതിയ ഭദ്രാസനം എല്ലാ വിഷമങ്ങളെയും, പ്രതിബന്ധങ്ങളെയും തരണം ചെയ്ത് ദൈവീക സ്നേഹത്തിൽ അതിഷ്ഠിതമായി മുൻപോട്ട് പോകുവാൻ സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കാം.

**ഷെവ. ബിബി ഏബ്രഹാം കടവുംഭാഗം**





പുണ്യശ്ലോകരായ ബസോലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ ഗീവർഗീസ് മോർ ഗ്രിഗോറിയോസ് (പെരുമ്പള്ളി തിരുമേനി) ഫിലിപ്പോസ് മോർ ഇവാനിയോസ് മെത്രാപ്പോലിത്താ



കോട്ടയം ഭദ്രാസനത്തിന്റെ തോമസ് മോർ തീമോത്തിയോസ് മെത്രാപ്പോലിത്താ



കണ്ടനാട് ഭദ്രാസനത്തിന്റെ മാത്യൂസ് മോർ ഇവാനിയോസ് മെത്രാപ്പോലിത്താ

# സെന്റ് മേരീസ് യാക്കോബായ സുറിയാനിപള്ളി കല്ലുമേട് - ആനവിലാസം പി.ഒ. കുമളി




1964 മാർച്ച് മാസം 3-ാം തീയതി പീരുമേട് താലൂക്കിൽ പെരിയാർ വില്ലേജിലും, ഉടുമ്പൻചോല താലൂക്കിൽ ചക്കുപള്ളം വില്ലേജിൽ ഉൾപ്പെട്ട ആനവിലാസം, ചെങ്കര, കല്ലുമേട്, പത്തുമുറി മുതലായ സ്ഥലങ്ങളിലും കുടിയേറി താമസിക്കുന്ന സുറിയാനി ക്രിസ്ത്യാനികളുടെ ഒരു യോഗം കല്ലുമേട് എസ്റ്റേറ്റ് മാനേജർ ശ്രീ. വി.സി. ജോണിന്റെ ബംഗ്ലാവിൽ കൂടുകയും ഒരു പള്ളി സ്ഥാപിക്കണമെന്ന് തീരുമാനിക്കുകയും പള്ളിക്കുവേണ്ട സ്ഥലം ശ്രീ. വി.സി. ജോൺ നൽകാമെന്ന് സമ്മതിക്കുകയും ചെയ്തു. താൽക്കാലികമായി പള്ളി പണിയുന്നതിനുള്ള തടി ഉരുപ്പടികൾ പുത്തൻവീട്ടിൽ കുര്യൻ ഫിലിപ്പ് നൽകാമെന്ന് സമ്മതിച്ചു. ഈ തീരുമാനത്തിൻ പ്രകാരം മഞ്ഞനിക്കര ദയറായിൽ നിന്നും വന്ദ്യ ദിവ്യ ശ്രീ. അപ്രേം പൗലോസ് റമ്പാച്ചൻ സ്ഥലത്തുവന്ന് പള്ളിക്കു വേണ്ട സ്ഥലം നിശ്ചയിച്ചു. 1964 ഏപ്രിൽ മാസം 13-ാം തീയതി പോത്താനിക്കൽ ശ്രീ. ഉലഹന്നാൻ ഏബ്രഹാം പള്ളിയുടെ കല്ലിടീൽ കർമ്മം നിർവ്വഹിച്ചു. ഏകദേശം 3 മാസം കൊണ്ട് പള്ളിപണി പൂർത്തിയാക്കി. പള്ളി പണിയുന്ന സമയത്ത് നി.വ.ദി.ശ്രീ. പൗലോസ് മാർ പീലക്സിനോസ് തിരുമേനിയും, കാരുചിറയിൽ വന്ദ്യ ദിവ്യ ശ്രീ. യാക്കോബ് റമ്പാച്ചനും വിരുത്തിപ്പടവിൽ ശ്രീ. വി.ജെ. ചാണ്ടിയും സ്ഥലത്തുവന്ന് പള്ളിപണിക്ക് വേണ്ടതായ പ്രചോദനം നൽകി. ഈ ദൈവാലയം വിശുദ്ധ ദൈവമാതാവിന്റെ നാമത്തിൽ സ്ഥാപിക്കണമെന്ന് അഭിവന്ദ്യ തിരുമേനി കൽപ്പിക്കുകയും ചെയ്തു. പണി പൂർത്തിയായ ദൈവാലയത്തിന്റെ താൽക്കാലിക കൂദാശാകർമ്മവും, പ്രഥമബലിയും 1964 ജൂലൈ മാസം 5-ാം തീയതി ഞായറാഴ്ച വന്ദ്യ ദിവ്യ ശ്രീ. യാക്കോബ് റമ്പാൻ നിവ്വഹിച്ചു. അന്നത്തെ ഇടവക മെത്രാപ്പോലീത്ത ആയിരുന്ന മാത്യൂസ് മാർ ഈവാനിയോസ് തിരുമേനിയുടെ കൽപ്പന പ്രകാരം പഴയമഠത്തിൽ മാത്യൂസ് കത്തനാരും തുടർന്ന് മണർകാട് പള്ളിയിലെ പഴയിടത്തുവയലിൽ മാത്യു പി. ഏലിയാസ് കശ്ശീശയും വി. കുർബ്ബാന അർപ്പിച്ചുവന്നു. ഈ ഇടവകക്കാരുടെ അപേക്ഷപ്രകാരം ഈ പള്ളിയുടെ ആത്മീയ ആവശ്യം നിർവ്വഹിക്കുന്നതിനും പള്ളിയുടെ ഉന്നമനത്തിനും വേണ്ടി ഈ ഇടവകയിലെ പോത്താനിക്കൽ ഉലഹന്നാൻ ഏബ്രഹാമിന്റെ മകൻ കുര്യാക്കോസ് കത്തനാരെ 1968 മുതൽ ഇടവക പട്ടക്കാരനായി അഭിവന്ദ്യ തിരുമേനി കൽപ്പിച്ചു നിശ്ചയിച്ചു. അതനുസരിച്ച് അന്നുമുതൽ ഇന്നുവരെയും ബഹുമാനപ്പെട്ട അച്ചൻ വികാരിയായി സേവനം അനുഷ്ടിച്ചുവരുന്നു.



വന്ദ്യ കുറിയാക്കോസ് കോറെപ്പിസ്കോപ്പാ പോത്താനിക്കൽ



ഫാ. ജോൺ പോത്താനിക്കൽ



ട്രസ്റ്റി കെ. വി. ജോർജ്

കാലംചെയ്ത പെരുമ്പള്ളി തിരുമേനിയുടെ ഭരണകാലത്ത് കോട്ടയത്തു നിന്നും പല വൈദികരും ഈ ദൈവാലയത്തിൽ വന്ന് വി. കുർബ്ബാന അർപ്പിച്ചിട്ടുണ്ട്. അവരിൽ കുളത്തുങ്കൽ തോമസ് അച്ചൻ, കുറിച്ചിമല കുര്യാക്കോസ് അച്ചൻ, ചോറാറ്റിൽ സാബു അച്ചൻ എന്നിവരും ഉൾപ്പെടുന്നു. കോട്ടയത്തു നിന്നും വൈദികർക്ക് ദീർഘമായ യാത്ര ചെയ്ത് വരുവാൻ ബുദ്ധിമുട്ട് ആയതിനാൽ ഈ ഇടവകക്കാരുടെ അപേക്ഷപ്രകാരം ഈ ഇടവകയിൽ പോത്താനിക്കൽ ഉലഹന്നാന്റെ മകൻ ജോൺ അച്ചനെ അഭിവന്ദ്യ തിരുമേനി രണ്ട് തവണയ്ക്ക് നിയമിക്കുകയും ചെയ്തു. ബഹുമാനപ്പെട്ട അച്ചൻ സഹവികാരിയായി ഇന്നും സേവനമനുഷ്ഠിച്ചുവരുന്നു.


1969-ൽ വിരുത്തിപ്പടവിൽ വി.ജെ. ചാണ്ടിയും നാല് പുത്രന്മാരും ചേർന്ന് പുതിയ പള്ളിയുടെ പണി ആരംഭിക്കുകയും 1970-ൽ പുതിയ പള്ളിയുടെ പണി പൂർത്തിയാക്കിത്തരികയും ചെയ്തു. താൽക്കാലികമായി കൂദാശ നടത്തുകയും, വിശുദ്ധ കുർബ്ബാന അനുഷ്ഠിക്കുകയും ചെയ്തുപോന്നു. 1977 ആഗസ്റ്റ് 14, 15 തീയതികളിൽ കാലം ചെയ്ത ശ്രേഷ്ഠ കാതോലിക്കാ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവ പള്ളിയുടെ വിശുദ്ധ മൂറോൻ കൂദാശ നിർവ്വഹിച്ചു. പരിശുദ്ധ ഏലിയാസ് തൃതീയൻ ബാവായുടെ നാമത്തിൽ ഒരു കുരിശിൻതൊട്ടി മൂങ്കലാർ കവലയിൽ പണിയുവാൻ സാധിച്ചു. ഇതിനുള്ള സ്ഥലം വിരുത്തിപ്പടവിൽ ശ്രീ. വി.സി. കുര്യൻ നൽകുകയും ഇടവകക്കാരുടെ ആത്മാർത്ഥമായ പരിശ്രമം മൂലം പണി പൂർത്തിയായ കുരിശിൻതൊട്ടിയുടെ കൂദാശ 1976 മേയ്മാസം 16-ാം തീയതി പെരുമ്പള്ളി തിരുമേനി നിർവ്വഹിച്ചു. തിരുമേനിയുടെ കൽപ്പനപ്രകാരം മഞ്ഞനിക്കര ബാവായുടെ പെരുനാൾ ആണ്ടുതോറും ഫെബ്രുവരി മാസത്തിൽ കുരിശിൻതൊട്ടിയിൽ വിശുദ്ധ കുർബ്ബാന അർപ്പിച്ച് പെരുനാൾ നടത്തുവാൻ തീരുമാനിച്ചു. അതനുസരിച്ച് കാലംചെയ്ത അഭിവന്ദ്യ ബെന്യാമിൻ ജോസഫ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ കാർമ്മികത്വത്തിൽ 1995 ഫെബ്രുവരി മാസത്തിൽ ആദ്യമായി വി. കുർബ്ബാന അർപ്പിക്കുകയും, ആണ്ടുതോറും അവിടെ പെരുനാൾ നടത്തിവരുകയും ചെയ്യുന്നു. പള്ളിയുടെ പടിഞ്ഞാറ് വശത്ത് റോഡരികിലുള്ള കുരിശിൻതൊട്ടി പരിശുദ്ധ പരുമല തിരുമേനിയുടെ നാമത്തിൽ പണികഴിപ്പിച്ചിട്ടുള്ളതാണ്. ശാസ്താനടയിലുള്ള കുരിശിൻതൊട്ടി വിശുദ്ധ ഗീവർഗീസ് സഹദായുടെ നാമധേയത്തിൽ കുമ്മട്ടികിഴക്കേതിൽ കെ.എം. സാമുവൽ പള്ളിക്ക് പണിയിച്ച് നൽകിയതാണ്. ഈ പള്ളിയിൽ മേയ്മാസം 1-ാം തീയതി വിശുദ്ധ ഗീവർഗീസ് സഹദായുടെ ഓർമ്മപ്പെരുനാളും, ആഗസ്റ്റ് മാസം 8-ാം തീയതി മുതൽ 15-ാം തീയതി വരെ വിശുദ്ധ ദൈവമാതാവിന്റെ ശൂനോയോ നോമ്പും വാങ്ങിപ്പുപെരുനാളും ഭംഗിയായി നടന്നുവരുന്നു. ഈ ഇടവകയിൽ ഇപ്പോൾ 74 കുടുംബങ്ങൾ ഉണ്ട്. ഇടവകക്കാരുടെ ആത്മാർത്ഥമായ സഹകരണംമൂലം പള്ളി മോടിപിടിപ്പിക്കുന്നതിനും വൈദികർക്ക് താമസിക്കുന്നതിന് പള്ളിമുറിയും സൺഡേസ്കൂൾ കെട്ടിടം, പള്ളി ഓഫീസ് എന്നിവ നിർമ്മിക്കുന്നതിനും സാധിച്ചിട്ടുണ്ട്. ശുശ്രൂഷകർ : 1. എം.പി. ആൻഡ്രൂസ് മറ്റത്തിൽ, 2. ജോർജ്ജ് ജോൺ കുമ്മനത്തുചിറയിൽ

# സെന്റ് ജോർജ്ജ് യാക്കോബായ സുറിയാനിപള്ളി, കട്ടപ്പന



കട്ടപ്പനയിലും പരിസരപ്രദേശങ്ങളിലും കുടിയേറിയ യാക്കോബായ സഭാ വിശ്വാസികൾ തങ്ങളുടെ വിശ്വാസങ്ങളിൽ ഉറച്ചുനിന്ന് ആത്മീയ വളർച്ചയ്ക്കായി ആരംഭിച്ച ''പ്രാർത്ഥനായോഗ''ത്തിന്റെ ആഭിമുഖ്യത്തിൽ അഭിവന്ദ്യ പൗലോസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്തയുടെ (പിന്നീട് ശ്രേഷ്ഠ കാതോലിക്കാ ആബൂൻ മാർ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവാ) അനുവാദത്തോടും അനുഗ്രഹാശിസ്സുകളോടും കൂടി 1955 ൽ മാർ ഗീവർഗീസ് സഹദായുടെ നാമത്തിൽ ഈ ദേവാലയം സ്ഥാപിതമായി.

കൊച്ചുകുടിയിൽ ഉലഹന്നാൻ മത്തായി, മാമശ്ശേരിൽ എം.സി. കുര്യാക്കോസ് തുടങ്ങിയവരുടെ നേതൃത്വത്തിൽ വളരെ പേരുടെ പരിശ്രമങ്ങൾ ഈ ദേവാലയ സ്ഥാപനത്തിന് പിന്നിലുണ്ട്. 1958 ആദ്യംവരെ, മാസത്തിൽ ഒരു ശനിയാഴ്ചയും പിന്നീട് രണ്ട് ശനിയാഴ്ചയും ആണ് സഭയിലെ വന്ദ്യ പുരോഹിതന്മാർ ഈ ദേവാലയത്തിൽ വി. കുർബ്ബാന അർപ്പിച്ചിരുന്നത്. ഇവരിൽ വന്ദ്യ മുറംതൂക്കിൽ അലക്സാണ്ടർ അച്ചന്റെ സേവനം കൂടുതൽ തവണ ലഭിച്ചിട്ടുണ്ട് എന്നുള്ളതും പ്രത്യേകം പ്രസ്താവ്യമാണ്.



വികാരി
വെരി. റവ. വർഗീസ് ജോൺ
പഞ്ഞിക്കാട്ടിൽ കോറെപ്പിസ്കോപ്പ



ട്രസ്റ്റി
അഡ്വ. കെ. വി. മാത്യു
കൊച്ചുകുടിയിൽ



സെക്രട്ടറി
ബേബി വി. വി.
കുറ്റിക്കാട്ട്

1958 മുതൽ വന്ദ്യ പഞ്ഞിക്കാട്ടിൽ വർഗീസ് ജോൺ അച്ചൻ (ഇപ്പോൾ വന്ദ്യ വർഗീസ് ജോൺ കോറെപ്പിസ്കോപ്പ) ഈ പള്ളിയിൽ സേവനമനുഷ്ഠിച്ചു വരുന്നു.

പുല്ലു മേഞ്ഞ ആദ്യത്തെ പള്ളി 1971 ൽ പുതുക്കിപണിതു. പുതുക്കിപണിത ദേവാലയത്തിന്റെ കൂദാശ പിന്നീട് ശ്രേഷ്ഠ കാതോലിക്കായായ അഭി. പൗലോസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തയുടെ പ്രധാന കാർമ്മികത്വത്തിൽ നിർവ്വഹിക്കപ്പെട്ടു.

2005 ൽ ഈ ദേവാലയം അതിവിപുലമായി പുതുക്കിപണിതു. പുതുക്കിപണിത ദേവാലയത്തിന്റെ കൂദാശ 2005 മേയ് 3-ാം തീയതി കോട്ടയം ഭദ്രാസന മെത്രാപ്പോലീത്ത അഭി. തോമസ് മാർ തീമോത്തിയോസ് തിരുമേനിയുടെ സഹകരണത്തിലും സഹകാർമ്മികത്വത്തിലും യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭയുടെ ശ്രേഷ്ഠ കാതോലിക്കാ ആബൂൻ മാർ ബസേലിയോസ് തോമസ് പ്രഥമൻ ബാവാ നിർവ്വഹിച്ചു.

2004 സെപ്റ്റംബർമാസം 27-ാം തീയതി മോറാൻ മോർ ഇഗ്നാത്തിയോസ് സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവാ പുത്തൻകുരിശിൽ വച്ച് ആശീർവദിച്ചു തന്ന ഒരു മാർബിൾ ശില ഈ ദേവാലയത്തിൽ സ്ഥാപിച്ചിട്ടുണ്ട്. പള്ളിയുടെ വകയായി കട്ടപ്പന ടൗണിൽ ഒരു കുരിശുപള്ളിയും കുന്തളംപാറ റോഡിൽ ഒരു കുരിശിൻതൊട്ടിയും ഉണ്ട്.

വെരി. റവ. വർഗീസ് ജോൺ പഞ്ഞിക്കാട്ടിൽ കോറെപ്പിസ്കോപ്പയും റവ. ഫാ. ഷൈജു ജോസ് ചെന്നിക്കരയും ഈ പള്ളിയിൽ സേവനമനുഷ്ഠിച്ചു വരുന്നു.

മർത്തമറിയം വനിതാസമാജം പ്രാർത്ഥനായോഗം, യൂത്ത് അസ്സോസിയേഷൻ, അന്ത്യോഖ്യാ വിശ്വാസ സംരക്ഷണ സമിതി, സൺഡേസ്കൂൾ തുടങ്ങിയ ആത്മീയ പ്രസ്ഥാനങ്ങൾ വളരെ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു.

എല്ലാ വർഷവും മേയ് 3-ാം തീയതി മാർ ഗീവർഗീസ് സഹദായുടെ ഓർമ്മപ്പെരുനാൾ പ്രധാന പെരുനാളായി ആഘോഷിച്ചു വരുന്നു. സെപ്റ്റംബർ 8-ാം തീയതി വി. ദൈവമാതാവിന്റെ ജനനപെരുനാളും ഫെബ്രുവരി 15-ാം തീയതി പരി. ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ ബാവായുടെ ഓർമ്മപ്പെരുനാളും ആഘോഷിക്കുന്നു.

# വി. മർത്തമറിയം യാക്കോബായ സുറിയാനിപള്ളി
## ലബ്ബക്കണ്ടം, കുമളി



1972-ൽ തേക്കടി സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളിയിൽ നിന്നും വേർതിരിഞ്ഞ് ഏഴ് കുടുംബാംഗങ്ങൾ ഒത്തുകൂടി അന്ന് ഭദ്രാസന മെത്രാപ്പോലീത്തയായിരുന്ന പുണ്യശ്ലോകനായ പെരുമ്പള്ളിൽ ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായെ കാണുകയും, തിരുമേനിയുടെ നിർദ്ദേശപ്രകാരം ശ്രീ. കെ. കെ. കുരുവിള കുന്നുകുഴിയെ പുതുപ്പള്ളിയിൽ



സഹവികാരി
ഫാ. കുര്യൻ മാത്യു വടക്കേപ്പറമ്പിൽ



ട്രസ്റ്റി
വി. എ. സണ്ണി



സെക്രട്ടറി
ജോർജ് ജോസഫ്

ചെന്നു കാണുകയും, അദ്ദേഹം തിരുമേനിയുടെ നിർദ്ദേശപ്രകാരം കുമളി ടൗണിനോട് ചേർന്നുള്ള കുളത്തുപാലത്തിന് സമീപം ലബ്ബക്കണ്ടത്തിൽ ഏഴ് സെന്റ് സ്ഥലം പള്ളി പണിയുവാൻ ദാനമായി നൽകുകയും ചെയ്തു. തുടർന്ന് ഈ നാട്ടിലെ നല്ലവരായ ആൾക്കാരുടെയും ഈ ഇടവകയിലുള്ളവരുടെയും പരിശ്രമത്താൽ പുല്ലും മുളയും പരമ്പുംകൊണ്ട് ഒരു ചാപ്പൽ നിർമ്മിച്ചു. ആയതിന്റെ കൂദാശാകർമ്മം നിർവ്വഹിക്കുവാൻ 1972 ഡിസംബർ മാസം 24-ാം തീയതി കുമളിയിൽ എത്തിയ പെരുമ്പള്ളി തിരുമേനിയെ കുമളി പൗരാവലിയും, ഇടവകാംഗങ്ങളും ചേർന്ന് സ്വീകരിച്ചു. 24-ാം തീയതി സന്ധ്യാപ്രാർത്ഥനയോടുകൂടി പള്ളികൂദാശ ആരംഭിക്കുകയും 25-ാം തീയതി ക്രിസ്തുമസ് ശുശ്രൂഷയോടുകൂടി പൂർത്തീകരിക്കുകയും ചെയ്തു. വികാരിയായി റവ. ഫാ. ജോസഫ് പുറ്റാനിയെ തിരുമേനി നിയമിക്കുകയും ചെയ്തു. ശുശ്രൂഷകനായി ശ്രീ. വി. എ. കുര്യൻ വലിയകാലായിലിനെ തിരുമേനി കൽപ്പിച്ച് നിയോഗിച്ചു. പള്ളിക്ക് കുർബ്ബാന നടത്തുന്നതിന് ആവശ്യമായ സാധനങ്ങൾ സംഭാവനയായി മണർകാട് സെന്റ് മേരീസ് കത്തീഡ്രലിൽ നിന്നും നൽകുകയും ചെയ്തു. കൂടാതെ വ്യക്തികളും പള്ളിസാധനങ്ങൾ സംഭാവനയായി നൽകി. പള്ളി സുരക്ഷിതമല്ലാത്തതിനാൽ പള്ളിസാധനങ്ങൾ ശ്രീ. തൊമ്മി ചാക്കോ നെടുംപൊയ്കയിൽ, വീട്ടിൽ കൊണ്ടുവയ്ക്കുകയും ഞായറാഴ്ച തോറും എടുക്കുകയും ചെയ്തിരുന്നു. എല്ലാ ഞായറാഴ്ചകളിലും വിശുദ്ധ കുർബ്ബാന നടത്തിപ്പോരുന്നു. അക്കാലത്ത്, മഞ്ഞനിക്കര കാലം ചെയ്ത മോറാൻ മോർ ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ ഓർമ്മപ്പെരുനാളിൽ പങ്കെടുക്കുന്നതിനായി ഡമാസ്കസിൽ നിന്നെത്തിയ മെത്രാപ്പോലീത്തായെ ശ്രീ. അലക്സാണ്ടർ വിരുത്തിപ്പടവിൽ ഇവിടെ കൊണ്ടുവരികയും വിശുദ്ധ കുർബ്ബാന അർപ്പിക്കുകയും ചെയ്തു. അക്കാലത്ത് തേക്കടി സെന്റ് ജോർജ്ജ് പള്ളിയിൽ വീണ്ടും ഭിന്നിപ്പുണ്ടാകുകയും കൂടുതൽ ആളുകൾ ഈ പള്ളിയിൽ ഇടവക ചേരുകയും ചെയ്തു.

ഇടവകാംഗങ്ങൾ കൂടിയപ്പോൾ പുതിയ പള്ളി പണിയുവാനായി പള്ളിയോടു ചേർന്നുള്ള സ്ഥലം വാങ്ങാൻ തിരുമേനി നിർദ്ദേശിച്ചു. സ്ഥലം വാങ്ങുന്നതിനായി ഇടവകക്കാരും പുറത്തുള്ള ആൾക്കാരും നിർലോഭമായി സഹകരിച്ചു. ശ്രീ. കെ.കെ. കുരുവിളയോടു തന്നെ പള്ളിക്ക് ആവശ്യമായ സ്ഥലം വിലകൊടുത്ത് വാങ്ങുകയും ചെയ്തു. പള്ളി പണിയുവാൻ എല്ലാ ദേശങ്ങളിലും പള്ളികളിലും തിരുമേനിയുടെ കൽപ്പനപ്രകാരം പിരിവ് നടത്തി. അന്ന് തിരുമേനി കല്ലൂപ്പറമ്പിൽ ശ്രീ. ആലിച്ചൻ പേർക്ക് കത്ത് നൽകുകയും അവിടെ ചെന്നപ്പോൾ അദ്ദേഹം "നിങ്ങൾക്ക് ഞാൻ ഒരു പള്ളി തന്നാൽ കൊണ്ടുപോകുമോ?'' എന്നു ചോദിച്ചു. തിരുമേനിക്കും ഇടവകാഗംങ്ങൾക്കും വളരെയധികം സന്തോഷമുണ്ടായ ഒരു ദിവസമായിരുന്നു അത്. ഒട്ടും താമസിയാതെ തന്നെ കരിങ്കുളം ചപ്പാത്തിലുള്ള എസ്റ്റേറ്റിൽ നിന്നും വിശുദ്ധ ഗീവർഗീസ് സഹദായുടെ നാമത്തിലുള്ള പള്ളി പൊളിച്ച് ഇവിടെ കൊണ്ടുവരികയും, പള്ളിപണിക്ക് ആവശ്യമായ പണം, ധനശേഖരണം നടത്തി പള്ളിപണി തുടങ്ങുകയും ചെയ്തു. പള്ളിയുടെ കൂദാശാകർമ്മം ഇടവക മെത്രാപ്പോലീത്ത അഭിവന്ദ്യ ഗീവർഗീസ് മാർ ഗ്രീഗോറിയോസ് തിരുമേനി നിർവ്വഹിക്കുകയും, പരി. അന്ത്യോഖ്യാ പാത്രിയർക്കീസ് മോറാൻ മോർ ഇഗ്നാത്തിയോസ് സഖാ പ്രഥമൻ ബാവാ തിരുമനസ്സുകൊണ്ട് 1982 ഫെബ്രുവരിയിൽ വി. മൂറാൻ കൂദാശ നിർവ്വഹിക്കുകയും പിന്നീട് തേക്കടിയിൽ സെമിത്തേരിക്കായി വസ്തു വാങ്ങുകയും ചെയ്തു.

ഇടക്കാലത്ത് ഇടവകാംഗങ്ങളിൽ ചില ഭിന്നിപ്പുകൾ ഉണ്ടാകുകയും അറുപതിൽപരം കുടുംബങ്ങൾ പിരിഞ്ഞു പോവുകയും ചെയ്തു. അക്കാലത്ത് വി. കുർബ്ബാനയ്ക്ക് മുടക്കം വരികയും ചെയ്തു. മാസത്തിൽ ഒരു തവണ, ശനിയാഴ്ച ദിവസം മാത്രം വി. കുർബ്ബാന നടത്തി. ഹാശാ ആഴ്ച ശുശ്രൂഷകൾ മുടങ്ങുകയും ചെയ്തു. ഈ കാലയളവിൽ വെരി. റവ. കുര്യാക്കോസ് പോത്താനിക്കൽ കോറെപ്പിസ്കോപ്പയുടെയും, ഇടവകാംഗങ്ങളുടെയും ശ്രമഫലമായി വീണ്ടും പള്ളിയിൽ ആരാധനകൾ പുനരാരംഭിക്കുകയും ചെയ്തു. തുടർന്ന് ശ്രീ. മോസസ് പി. വാഴയിൽ പള്ളിയുടെ ട്രസ്റ്റി സ്ഥാനം ഏൽക്കുകയും, പള്ളിയെ ഇന്നത്തെ പുരോഗതിയിൽ എത്തിക്കുവാൻ പ്രധാന പങ്കുവഹിക്കുകയും ചെയ്തു. ഇപ്പോൾ 21 ഇടവകാംഗങ്ങളാണ് പള്ളിയിലുള്ളത്. പള്ളിയിൽ, പ്രാർത്ഥനായോഗം, സൺഡേസ്കൂൾ, സ്വയംസഹായസംഘം, യൂത്ത് അസോസിയേഷൻ മുതലായ സംഘടനകളുടെ പ്രവർത്തനം ഭംഗിയായി നടക്കുന്നു. ഇപ്പോൾ ഇടവകയുടെ വികാരിയായി റവ. ഫാ. മനോജ് സ്കറിയ വാളംപറമ്പിൽ സേവനമനുഷ്ഠിക്കുന്നു.

2007 ഏപ്രിൽ മാസം മുതൽ എല്ലാ മാസത്തിന്റെയും രണ്ടാം ശനിയാഴ്ച റവ. ഫാ. മനോജ് സ്കറിയ വാളംപറമ്പലിന്റെ നേതൃത്വത്തിൽ ഏകദിന ധ്യാനയോഗം നടത്തിവരുന്നു. 2006 ഓഗസ്റ്റ് മാസത്തിൽ പള്ളിയുടെയും വി. മദ്ബഹായുടെയും അറ്റകുറ്റപ്പണികൾ തീർത്ത് മനോഹരമാക്കി, ഓഗസ്റ്റ് 30-ാം തീയതി ഇടവക മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് ശുദ്ധീകരണ ശുശ്രൂഷ നടത്തി വിശുദ്ധ കുർബ്ബാന അർപ്പിച്ചു.

വിശുദ്ധ ഗീവർഗീസ് സഹദായുടെ പെരുനാൾ, എട്ടുനോമ്പ് പെരുനാൾ, ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ പെരുനാൾ ഇവ ഭംഗിയായി നടത്തിപോരുന്നു. ഈ വർഷത്തെ ഏലിയാസ് തൃതീയൻ ബാവായുടെ പെരുനാളിനോടനുബന്ധിച്ച് ഈ ഇടവകയിൽപ്പെട്ട വൈദിക വിദ്യാർത്ഥികളായ എബി ഏലിയാസ് പുത്തൻവീട്ടിൽ, കുര്യൻ പുതിയപുരയിടത്തിൽ, നാലുന്നാക്കൽ സെന്റ് ആദായീസ് പള്ളി ഇടവകയിൽപ്പെട്ട ജോർജ്ജ് എന്നിവർക്ക് അഭിവന്ദ്യ ഇടവക മെത്രാപ്പോലീത്ത തോമസ് മോർ തീമോത്തിയോസ് തിരുമനസ്സുകൊണ്ട് കോറൂയോ പട്ടം നൽകി. പള്ളിയുടെ പുരോഗമന കാര്യങ്ങൾ അഭിവന്ദ്യ മെത്രാപ്പോലീത്തായുടെ താല്പര്യപ്രകാരവും, ഇടവക വികാരിയുടെ പരിശ്രമത്തിലും, വിനോദ സഞ്ചാരികൾക്ക് താമസിക്കത്തക്കവണ്ണം അഞ്ചുനിലകളോടുകൂടിയ ഒരു കെട്ടിടവും, കൂടാതെ പള്ളിയുടെ പടിഞ്ഞാറുവശത്ത് വികാരിക്ക് താമസിക്കത്തക്ക രീതിയിൽ പള്ളി ഓഫീസ്, സെമിത്തേരിയിൽ ചാപ്പൽ എന്നിവ പണിയുന്നതിനുള്ള ക്രമീകരണം ചെയ്തുവരുന്നു. ശ്രീ. വി.എ. കുര്യൻ വലിയകാലായിൽ ശുശ്രൂഷകൻ ആയി പ്രവർത്തിച്ചു വരുന്നു.

പരിശുദ്ധ അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവായുടെ കീഴിലുള്ള മലങ്കരയിലെ യാക്കോബായ സുറിയാനി സഭയുടെ പിതാക്കന്മാരുടെ കീഴിൽ സഭാ വിശ്വാസത്തിൽ ഈ ഇടവക നിലനിൽക്കുന്നു.

# സെന്റ് മേരീസ് യാക്കോബായ സുറിയാനിപള്ളി
## ചെമ്മണ്ണ്, കൊച്ചുകരിന്തരുവി





ഫാ. മാത്യൂ
ആലയ്ക്കാക്കുടി

ഇടുക്കി ജില്ലയിൽ ഏലപ്പാറയ്ക്കടുത്തുള്ള സുപ്രസിദ്ധ വിനോദസഞ്ചാര കേന്ദ്രമായ വാഗമൺ ടൂറിസം മേഖലയിൽ തേയില തോട്ടങ്ങളും മലനിരകളും കൊണ്ടു ചുറ്റപ്പെട്ട കൊച്ചു കരിന്തരുവി ഗ്രാമത്തിൽ ആണ് ഈ ദേവാലയം സ്ഥിതി ചെയ്യുന്നത്.

ഏതാണ്ട് 75 വർഷങ്ങൾക്കു മുമ്പുതന്നെ ഈ ഗ്രാമത്തിൽ യാക്കോബായ സഭാ വിശ്വാസികൾ കുടിയേറി പാർത്തിരുന്നു. പെരുമ്പാവൂർ, മണർകാട്, പാമ്പാടി, കോട്ടയം തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും കുടിയേറിയ സാധാരണക്കാരും നിർദ്ധനരുമായ സഭാംഗങ്ങൾ തങ്ങളുടെ ആത്മീയ ആവശ്യങ്ങൾ നിർവഹിക്കുവാൻ വളരെയധികം കഷ്ടപ്പെട്ടിരുന്നു. ദേവാലയത്തിന്റെയും പട്ടക്കാരുടെയും അഭാവത്തിലും തീക്ഷ്ണമായ സത്യവിശ്വാസത്തിൽ ഉറച്ചുനിന്ന പൂർവ്വീകർ തങ്ങളുടെ വി. സഭയെ ഉപേക്ഷിച്ച് ഇതര ക്രൈസ്തവ ദേവാലയങ്ങളിലേക്ക് ചേക്കേറുവാൻ തയ്യാറായില്ല. ശവസംസ്കാരം, വിവാഹം, മാമ്മോദീസാ തുടങ്ങിയ അത്യാവശ്യ ആത്മീയ കാര്യങ്ങൾക്ക് അഭയം പ്രാപിച്ചിരുന്നത് ഇവിടെനിന്നും ഏതാണ്ട് 16 കി.മി അധികം ദൂരത്തുള്ള അഴുത (പീരുമേട്) പള്ളിയെ ആയിരുന്നു. കാലക്രമത്തിൽ ഈ ഗ്രാമത്തിലെ യാക്കോബായ സഭാവിശ്വാസികൾ പ്രാർത്ഥനായോഗം വഴി ശേഖരിച്ച ചെറിയ തുകകൊണ്ട് ഇന്ന് ദേവാലയം സ്ഥിതിചെയ്യുന്ന സ്ഥലം വാങ്ങി. പ്രാർത്ഥനായോഗത്തിന്റെ പേരിൽ ഭൂമിക്ക് പട്ടയം ലഭിക്കുകയില്ലാത്തതിനാൽ ശ്രീ. റ്റി.സി. വർഗ്ഗീസ് തെക്കേക്കുറ്റിന്റെ പേരിൽ പട്ടയം എടുക്കുകയും ചെയ്തു. കുട്ടികളെ സൺഡേസ്കൂൾ പഠിപ്പിക്കുവാനായി ടി സ്ഥലത്ത് ഒരു ഷെഡ് വയ്ക്കുവാൻ തീരുമാനിക്കുകയും 1974 ൽ ബഹു. പുളിക്കൽ തോമസ് കശീശ ശിലാസ്ഥാപനം നടത്തുകയും ചെയ്തു.

ഈ കാലയളവിൽ സഭാവഴക്ക് ശക്തി പ്രാപിച്ചതിനാൽ ഈ സ്ഥലത്ത് ഒരു ദേവാലയം പണിയുവാനും പരി. പാത്രിയർക്കീസ് ബാവായോടും, വിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തോടും കൂറും വിധേയത്വവും പുലർത്തുന്ന ഒരു ഇടവകയായി നിലനിൽക്കുവാനും ഇവിടുത്തെ സഭാംഗങ്ങൾ ആഗ്രഹിക്കുകയും അതിനായി മുട്ടിപ്പായി പ്രാർത്ഥിക്കുകയും ചെയ്തുപോന്നു. തുടർന്ന് ഈ ആവശ്യവുമായി അഭി. ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായെ (അഭി. പെരുമ്പള്ളി തിരുമേനി) കാണുകയും അഭിവന്ദ്യ തിരുമേനിയുടെ അനുവാദത്തോടും അനുഗ്രഹത്തോടും ഈ സ്ഥലത്ത് ഒരു താൽക്കാലിക ദേവാലയത്തിനുള്ള പണി ആരംഭിക്കുകയും ചെയ്തു. കരിങ്കല്ലും ചെളിയും ഉപയോഗിച്ചു നിർമ്മിച്ച ഭിത്തിയിൽ കാട്ടുകമ്പുകൾ ഉപയോഗിച്ച് മേൽക്കൂടുണ്ടാക്കി പുല്ലുമേഞ്ഞ് ഒരു താൽക്കാലിക ഷെഡ് പണി കഴിപ്പിച്ചു. പ്രാർത്ഥനായോഗം വകയായി വാങ്ങിയിരുന്ന ടി സ്ഥലം എല്ലാവരുടെയും സമ്മതപ്രകാരം അഭി. പെരുമ്പള്ളി തിരുമേനിയുടെ പേർക്ക് (P.M.G.ട്രസ്റ്റിന്) ഇഷ്ടദാനമായി ആധാരം നടത്തിക്കൊടുക്കുകയും ചെയ്തു. തുടർന്ന് 1976 ജനുവരി മാസം 11-ാം തീയതി അഭി. ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ ഈ സ്ഥലത്തേക്ക് എഴുന്നള്ളി വരികയും ഈ ദേവാലയം പരി. ദൈവമാതാവിന്റെയും, മോർ ഗീവർഗീസ് സഹദായുടെയും, പരി. ഏലിയാസ് തൃതീയൻ ബാവായുടെയും നാമത്തിൽ താൽക്കാലിക കൂദാശ നടത്തി വി. കുർബ്ബാന അർപ്പിക്കുകയും ചെയ്തു. ഈ പ്രദേശത്തെ യാക്കോബായ സഭാ വിശ്വാസികളുടെ ചിരകാലാഭിലാഷം അങ്ങനെ സാക്ഷാത്കരിക്കപ്പെട്ടു.

ആദ്യ കാലങ്ങളിൽ മാസത്തിലെ ഒരു ഞായറാഴ്ചയും, പിന്നീട് മാസത്തിൽ രണ്ട് ഞായറാഴ്ചകളിലും, ഇപ്പോൾ എല്ലാ ഞായറാഴ്ചകളിലും മോറാനായ പെരുനാളുകളിലും ഈ ദേവാലയത്തിൽ വി. കുർബ്ബാന അർപ്പിച്ചു വരുന്നു. 1999 - 2000 ത്തിൽ ദേവാലയം പുതുക്കിപ്പണിയുകയും തുടർന്ന് 10-1-2000 ത്തിൽ ഇടവക മെത്രാപ്പോലീത്താ അഭിവന്ദ്യ തോമസ് മോർ തീമോത്തിയോസ് തിരുമേനി ഈ ദേവാലയത്തിലേക്ക് എഴുന്നള്ളി വന്ന് ഈ ദേവാലയം കൂദാശ ചെയ്യുകയും വി. കുർബ്ബാന അർപ്പിച്ച് ഇടവകയെ അനുഗ്രഹിക്കുകയും ചെയ്തു.

ഈ ഇടവകയിൽ ഇപ്പോൾ 37 കുടുംബങ്ങളും ആകെ 165 ഇടവകാംഗങ്ങളും ഉണ്ട്. ഇടവകയുടേതായി വി. ഗീവർഗീസ് സഹദായുടെയും പരി. പരുമല തിരുമേനിയുടെയും നാമത്തിലുള്ള രണ്ട് കുരിശിൻ തൊട്ടികളും ഉണ്ട്. ഈ ഇടവകയിലെ പ്രധാന പെരുനാൾ ജനുവരി മാസം 11-ാം തീയതിയോടനുബന്ധിച്ചു നടത്തപ്പെടുന്നു. കൂടാതെ എട്ടുനോമ്പു പെരുനാളും വി. ഗീവർഗീസ് സഹദായുടെയും, പരി. ഏലിയാസ് തൃതിയൻ ബാവായുടെയും, പരി. പരുമല തിരുമേനിയുടെയും ഓർമ്മപ്പെരുനാളുകളും യഥാവിധി കൊണ്ടാടുന്നു. ഈ ഇടവകയിലെ ഇപ്പോഴത്തെ വികാരി ആലയ്ക്കൽക്കുടിയിൽ മാത്യൂസ് കശീശയും, വൈദിക സെമിനാരി വിദ്യാർത്ഥി ആലയ്ക്കൽകുടിയിൽ ശ്രീ. പീറ്ററും ഈ ഇടവകാംഗങ്ങളാണ്. സൺഡേ സ്കൂൾ, പ്രാർത്ഥനായോഗം, മർത്തമറിയം വനിതാ സമാജം എന്നിവ ഈ ഇടവകയിൽ ഭംഗിയായി പ്രവർത്തിക്കുന്നു. സാധുജന സംരംക്ഷണ പ്രവർത്തനത്തിനായി 'സെന്റ് മേരീസ് ചാരിറ്റബിൾ ഫണ്ട്' എന്ന പേരിൽ ചെറിയ തുകകൾ സമാഹരിച്ച് രോഗികളും സാധുക്കളും ആയ ആളുകളെ സഹായിച്ചു വരുന്നു. സാമ്പത്തിക പരാധീനതകൾ ഉണ്ടെങ്കിലും ഇടവകാംഗങ്ങളുടെ നിസ്സീമമായ സഹകരണത്താലും പ്രാർത്ഥനയാലും സർവ്വോപരി പരി. ദൈവമാതാവിന്റെയും ഇടവകയുടെ മദ്ധ്യസ്ഥന്മാരായ വി. ഗീവർഗീസ് സഹദായുടെയും, പരി. ഏലിയാസ് തൃതീയൻ ബാവായുടെയും, പരി. പരുമല തിരുമേനിയുടെയും മഹാവലിയ മദ്ധ്യസ്ഥതയാലും ഇടവക നാൾക്കുനാൾ അഭിവൃദ്ധി പ്രാപിച്ചു വരുന്നു.

# സെന്റ് ജോർജ്ജ് യാക്കോബായ സുറിയാനിപള്ളി സ്വരാജ് അയ്യപ്പൻകോവിൽ





ഫാ. വി. സി. തോമസ്
വള്ളിക്കാട്ടിൽ

യാക്കോബായ സുറിയാനി സഭയും ഓർത്തഡോക്സ് സഭയും യോജിച്ച് പ്രവർത്തിച്ചിരുന്ന സമയത്ത്, സഭകൾക്കിടയിൽ വീണ്ടും പിളർപ്പുണ്ടായ കാലഘട്ടത്തിൽ ഹൈറേഞ്ചിൽ വാഴവര, പുറ്റടി, കൊച്ചറ, കുമളി, ചീന്തലാർ മുതലായ സ്ഥലങ്ങളിൽ ഉള്ള പള്ളികൾ നഷ്ടപ്പെട്ടപ്പോൾ നമ്മുടെ 'ടി' സ്ഥലങ്ങളിലുള്ള ആളുകൾ താൽക്കാലിക ഷെഡ്ഡുകളും പുതിയ പള്ളികളും സ്ഥാപിച്ച് ആരാധന നടത്തിയാണ് നമ്മുടെ വിശ്വാസം നിലനിർത്തിയിരുന്നത്. ഈ അവസരത്തിൽ അയ്യപ്പൻകോവിൽ വി. മർത്തമറിയം യാക്കോബായ സുറിയാനിപള്ളി മറുഭാഗത്താവുകയും പട്ടിണിപാവങ്ങളായ ആളുകൾ ഈ പള്ളി നഷ്ടപ്പെട്ടപ്പോൾ ഓർത്തഡോക്സിൽ നിന്നും യാക്കോബായ സഭയിലേക്ക് വന്ന എം.എം. വറുഗീസ് മാവേലിത്തുണ്ടിയിൽ അച്ചൻ നമ്മുടെ ആളുകളെ കൂട്ടി സഹകരിപ്പിച്ച് വിശ്വാസികളിൽ ചിലരുടെ സ്ഥലം സംഭാവനയായി സ്വീകരിച്ച സ്വരാജ് എന്ന സ്ഥലത്ത്, ഒരു ചെറിയ ചാപ്പൽ ഉണ്ടാക്കി ആരാധനകളും വി. കുർബ്ബാനയും നടത്തിയിരുന്നു. പിന്നീട് അദ്ദേഹം തിരിച്ച് ഓർത്തഡോക്സ് സഭയിലേയ്ക്ക് പോയപ്പോൾ അവിടെ കൂടിയിരുന്ന വിശ്വാസികൾ വഴിയാധാരമാകുകയും നഷ്ടപ്പെട്ട ഓർത്തഡോക്സ് പക്ഷത്തായ പഴയ അയ്യപ്പൻകോവിൽ വി. മർത്തമറിയം യാക്കോബായ സുറിയാനിപള്ളിയിലേയ്ക്ക് തിരിച്ച പോകുകയും, ഈ പള്ളി പരിപൂർണ്ണമായി ഓർത്തഡോക്സ് പക്ഷക്കാർ കയ്യടക്കുകയും ചെയ്തു. ഇതിൽ ചില വിശ്വാസികൾ മാത്രം അടുത്തുള്ള നമ്മുടെ ചില ഇടവകകളിൽ മെമ്പർഷിപ്പ് എടുക്കുകയും ചെയ്തു. ഈ അവസരത്തിൽ വള്ളിക്കാട്ടിൽ ശ്രീ. വി.സി. തോമസും കുടുംബാംഗങ്ങളും മറ്റ് ഇടവകയിൽ പോകാതെ അദ്ദേഹത്തിന്റെ പരിശ്രമഫലമായി സ്വന്തം സ്ഥലത്ത് ഒരു ചാപ്പൽ സ്ഥാപിക്കുകയും സഭാവിശ്വാസപ്രകാരം അദ്ദേഹം സുവിശേഷയോഗങ്ങളും പ്രാർത്ഥനകളും ആരംഭിക്കുകയും ചെയ്തു. നാനാജാതി മതസ്ഥരായ അനേകം ആളുകൾ ഈ പ്രാർത്ഥനയിൽ വന്ന് സംബന്ധിച്ച് അനുഗ്രഹങ്ങൾ പ്രാപിക്കുകയും ചെയ്തിരുന്നു. കുറെ നാളുകൾക്ക് ശേഷം പൗരസ്ത്യ സുവിശേഷ സമാജം മെത്രാപ്പോലീത്ത അഭിവന്ദ്യ ഗീവർഗീസ് മാർ പോളികാർപ്പോസ് തിരുമേനിയുടെ അനുമതിയോടുകൂടി അയയ്ക്കുന്ന ബഹു. വൈദികരെക്കൊണ്ട് ഈ ചാപ്പലിൽ ചിലപ്പോഴൊക്കെ വി. കുർബ്ബാന അർപ്പിച്ചു പോന്നിരുന്നു. ഈ അവസരത്തിൽ വള്ളിക്കാട്ടിൽ ശ്രീ. വി.സി. തോമസ് പൗരസ്ത്യ സുവിശേഷ സമാജത്തോടു ബന്ധപ്പെട്ട് വൈദിക പഠനം പൂർത്തീകരിച്ച്, 1994 -ൽ അഭിവന്ദ്യ ഗീവർഗീസ് മാർ പോളികാർപ്പോസ് തിരുമേനിയിൽ നിന്നും കശ്ശീശാ പട്ടം (വൈദിക) സ്വീകരിച്ചു. മലബാർ, കർണ്ണാടകം എന്നീ സ്ഥലങ്ങളിൽ പല പള്ളികളിലും വികാരിയായി സേവനം അനുഷ്ഠിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ തുച്ഛമായ വരുമാനത്തിൽ നിന്നും മിച്ചംപിടിച്ചും ചില നല്ല ആളുകളുടെ സഹായസഹകരണത്തോടുംകൂടി സ്വരാജ് എന്ന സ്ഥലത്ത് നമ്മുടെ ഒരു പള്ളി വയ്ക്കുന്നതിന് അര ഏക്കർ സ്ഥലം വാങ്ങിക്കുകയും അതിനുശേഷം പള്ളിപണിയുടെ പ്രവർത്തനം മുന്നിൽ കണ്ട് 1999 മുതൽ പൗരസ്ത്യ സുവിശേഷ സമാജത്തിൽ നിന്നും കോട്ടയം ഭദ്രാസത്തിലേക്ക് മടങ്ങിവരികയും കോട്ടയം ഭദ്രാസന മെത്രാപ്പോലീത്ത അഭിവന്ദ്യ തോമസ് മാർ തീമോത്തിയോസ് തിരുമേനിയെ കാണുകയും, ഈ സ്ഥലത്ത് ഒരു പള്ളി പണിയേണ്ട ആവശ്യകതയെക്കുറിച്ച് പറയുകയും 25 സെന്റ് സ്ഥലം കോട്ടയം ഭദ്രാസനത്തിലേക്ക് ദാനമായി എഴുതിക്കൊടുക്കുകയും അഭിവന്ദ്യ തീമോത്തിയോസ് തിരുമേനിയുടെ ചുമതലയിൽ ഒരു പള്ളി നിർമ്മാണകമ്മറ്റി രൂപീകരിക്കുകയും ചെയ്തു. അങ്ങനെ 2001 ഓക്ടോബർ മാസം 14-ാം തീയതി അഭിവന്ദ്യ തീമോത്തിയോസ് തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിൽ വി. ഗീവർഗീസ് സഹദായുടെ നാമത്തിൽ ഈ പള്ളിയുടെ ശിലാസ്ഥാപന കർമ്മം നിർവ്വഹിക്കുകയും ചെയ്തു. സാമ്പത്തിക ബുദ്ധിമുട്ടുകളാൽ കുറെ നാളുകൾ പണിയൊന്നും നടക്കാതെ വരികയും 2002 മാർച്ച് മാസം 4-ാം തീയതി പള്ളിക്ക് കല്ലിട്ടതിനോടടുത്ത് ഒരു താൽക്കാലിക ഷെഡ്ഡ് പണിയുകയും ചെയ്തു. ഈ ഷെഡ്ഡിൽ പ്രാർത്ഥന നടത്തിക്കൊണ്ട് നമ്മുടെ ഏതാനും ചില പള്ളികളിൽ നിന്നും, വ്യക്തികളിൽ നിന്നും കോട്ടയം ഭദ്രാസന മെത്രാപ്പോലീത്ത അഭിവന്ദ്യ തോമസ് മാർ തീമോത്തിയോസ് തിരുമേനിയുടെ കൽപ്പനപ്രകാരം പിരിവുകൾ ശേഖരിച്ച് പള്ളി പണി ആരംഭിക്കുകയും ചെയ്തു

പള്ളിയുടെ അകത്തെ പണി മാത്രം തീർത്ത് ഷീറ്റ്മേഞ്ഞ് 2004 മേയ് 6 ന് താൽക്കാലിക കൂദാശയും വി. ഗീവർഗീസ് സഹദായുടെ പെരുനാളും അഭിവന്ദ്യ ഇടവക മെത്രാപ്പോലീത്ത തോമസ് മാർ തീമോത്തിയോസ് തിരുമേനിയുടെ മുഖ്യകാർമികത്വത്തിൽ നടത്തി. തുടർന്ന് എല്ലാ വർഷവും മേയ്മാസം വിശുദ്ധ ഗീവർഗീസ് സഹദായുടെ നാമത്തിൽ പെരുനാൾ ആഘോഷിക്കുന്നു. ഈ പെരുനാളിൽ ജാതിമതഭേദമെന്യേ അനേകം ആളുകൾ വഴിപാടായി കോഴികളെ കൊണ്ടുവരുന്നത് ഒരു പ്രത്യേകതയാണ്. ഈ പള്ളിക്കുവേണ്ടി അഹോരാത്രം കഷ്ടപ്പെട്ട ബഹുമാനപ്പെട്ട വള്ളിക്കാട്ടിൽ തോമസ് അച്ചനെ ഇടവകപ്പള്ളിയുടെ വികാരിയായി അഭിവന്ദ്യ തിരുമനസ്സുകൊണ്ട് അനുഗ്രഹിച്ച് ചുമതലപ്പെടുത്തി. അന്നുമുതൽ അച്ചൻ ഒന്നിടവിട്ടുള്ള ഞായറാഴ്ചകളിലും എല്ലാ ശനിയാഴ്ചകളിലും വി. കുർബ്ബാന അർപ്പിച്ചു വരുന്നു. ഇങ്ങനെ 17 മാസക്കാലം തുടർന്നുപോന്നു. എന്നാൽ ഈ ഇടവകയിൽ കുടവശേരിൽ കുഞ്ഞുമോൻ എന്ന ഒരു കുടുംബം ഒഴികെ ബാക്കി 15 വീട്ടുകാരും കൂലിപ്പണി ചെയ്ത് ജീവിക്കുന്നവരാണ്. ആയതിനാൽ സാമ്പത്തിക പരാധീനതയിൽ ഞായറാഴ്ച ആരാധന മാറ്റി, ഇപ്പോൾ ഒന്നിടവിട്ടുള്ള ശനിയാഴ്ചകളിൽ മാത്രമേ വി. കുർബ്ബാന അർപ്പിക്കുന്നുള്ളു. ഈ പള്ളിയുടെ പണിക്കുവേണ്ടി സഹായിച്ചിട്ടുള്ള, ജാതിമത ഭേദമെന്യേ എല്ലാവരെയും സ്മരിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഈ പള്ളിയുടെ പണി, വയറിംഗ് ഒഴികെ കഴിഞ്ഞ വർഷം പൂർത്തീകരിക്കാൻ സാധിച്ചു. പള്ളിയുടെ വിശുദ്ധ മൂറോൻ കൂദാശ ഇതുവരെയും നടത്തിയിട്ടില്ല. വികാരി ഫാ. വി.സി. തോമസ് അച്ചന്റെ അസാന്നിദ്ധ്യത്തിൽ ഫാ. ബിനോയി വള്ളിക്കാട്ടിൽ ശുശ്രൂഷ നടത്തിയിരുന്നു. ഈ പള്ളിയുടെ മറ്റൊരു പ്രത്യേകത, ജാതിമതഭേദമെന്യേ അനേകം ആളുകൾ എല്ലാ സന്ധ്യയ്ക്കും, പള്ളിയുടെ വെളിയിൽ തിരി കത്തിക്കുകയും, വഴിപാട് അർപ്പിക്കുകയും ചെയ്യുന്നു എന്നുള്ളതാണ്. അനേകർക്ക് അത്ഭുതകരമായ അനുഗ്രഹങ്ങൾ ലഭിക്കുന്നതായി അറിയുവാൻ കഴിയുന്നു. കൂടാതെ പള്ളിയുടെ അടുത്ത സ്ഥലങ്ങളിലൊന്നും വെള്ളം ഇല്ലാതെ വരുമ്പോഴും പള്ളിക്കിണറ്റിലെ വെള്ളം വറ്റാതിരിക്കുകയും അനേകം കുടുംബങ്ങൾക്ക് ഇത് പ്രയോജനപ്രദമാവുകയും ചെയ്യുന്നു. ഇത് വി. ഗീവർഗീസ് സഹദായുടെ മാദ്ധ്യസ്ഥം വഴി ലഭിക്കുന്ന അനുഗ്രഹമായി വിശ്വാസികൾ കരുതുന്നു. ഈ പള്ളിയുടെ ഇപ്പോഴത്തെ വികാരി ബഹു. വി.സി. തോമസ് അച്ചനാണ്. പള്ളിയുടെ സെക്രട്ടറിയായി തുറുമ്പുങ്ങൾ ശ്രീ. റ്റി.കെ. കുര്യനും ട്രഷററായി ശ്രീ.അബ്രഹാം കുറ്റിവെട്ടിക്കലും പ്രവർത്തിക്കുന്നു.

# സെന്റ് ജോർജ്ജ് യാക്കോബായ സുറിയാനിപള്ളി കത്തിപ്പാറത്തടം




1977-ൽ ഇടുക്കി ജില്ലയാൽ കഞ്ഞിക്കുഴി പഞ്ചായത്തിൽ കത്തിപ്പാറക്കടുത്ത് യാക്കോബായ വിശ്വാസികൾക്ക് വേണ്ടി ബഹു. കേരളാ ഗവ. 2 ഏക്കർ ഭൂമിയ്ക്ക് അനുവാദം തരുകയും ഈ പളളിക്ക് 1981-ൽ പട്ടയം ലഭിക്കുകയും ചെയ്തു. 30 വീട്ടുകാരുമായി ആരംഭിച്ച ഈ ദേവാലയം 110 ഇടവകക്കാരുണ്ട്. ഇടുക്കി ടൗണിൽ നിന്നും 15 കി. ദൂരെ കഞ്ഞിക്കുഴി പഞ്ചായത്തിന്റെ ഹൃദയഭാഗത്ത് ജില്ലയിലെ പ്രമുഖ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഒന്നായ പാൽകുളം മേടിന്റെ താഴ്വരയിലാണ് സ്ഥിതി ചെയ്യുന്നത്. ശ്രേഷ്ഠ കാതോലിക്കാ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവായുടെ പേരിലാണ് പട്ടയം ലഭിച്ചത്. ബാവായുടെ കരസ്പർശനത്താൽ അനുഗ്രഹിതമായ ഈ ദേവാലയം നാനാ ജാതി മതസ്ഥരുടെ അഭയ കേന്ദ്രമാണ്. പ. ഗീവർഗീസ് സഹദായുടെ നാമത്തിൽ സ്ഥാപിതമാണ് ഈ ദേവാലയം. ഭക്തസംഘടനകൾ നന്നായി പ്രവർത്തിക്കുന്നു. പൊതുയോഗത്താൽ തിരഞ്ഞെടുക്കപ്പെട്ട 12 അംഗ ഭരണസമിതിയും വികാരിയും ഉൾപ്പെടുന്ന ഭരണ നേതൃത്വം. ഈ ഇടവകയ്ക്ക് ശക്തമായ നേതൃത്വം നൽകുന്നു. ഈ ദേവാലയം പുണ്യശ്ലോകനായ പൗലോസ് ദ്വിതീയൻ ബാവാ കൂദാശ നിർവ്വഹിച്ചിട്ടുള്ളതാണ്. വികാരി ഫാ. എൻ. എം. പൗലോസ് ഞാറ്റുകാല, ട്രസ്റ്റി കുര്യൻ കുര്യൻ കല്ലുവെട്ടാൻ കുഴി, ഏലിയാസ് ജോൺ മുണ്ടപ്ലാക്കാൽ, സെക്രട്ടറി രാജു വറുഗീസ് കാഞ്ഞിരക്കാട്ട്.




ഡീക്കൻ മനോജ് വർഗീസ്
(ഇടവകാംഗം)



ഏലിയാസ് കുറിയാക്കോസ്
മുണ്ടപ്ലാക്കൽ (ട്രസ്റ്റി)

# സെന്റ് മേരീസ് യാക്കോബായ സുറിയാനിപള്ളി, ചീന്തലാർ





ഫാ. പീറ്റർ
കുത്തുകല്ലുങ്കൽ

സത്യവിശ്വാസത്തിൽ അടിയുറച്ച് വിശ്വസിക്കുന്ന യാക്കോബായ ക്രിസ്ത്യാനികളും, ഇഞ്ചിമല, ചീന്തലാർ, കാപ്പിപ്പതാൽ, പശുപ്പാറ, കൈതപ്പതാൽ, ഒറ്റമരം എന്നീ സ്ഥലങ്ങളിലെ നിവാസികളുമായ സഭാമക്കൾക്ക് ആരാധന നടത്തുന്നതിന് ഈ പ്രദേശത്തെ ഏക ആശ്രയം പീരുമേട് 'ടീ' കമ്പനി യാക്കോബായ, മാർത്തോമ്മാ, C.S.I. എന്നീ സഭകൾക്ക് ആയി പണിയിച്ചു നൽകിയിരുന്ന യൂണിയൻ ചർച്ച് മാത്രമായിരുന്നു. മാസത്തിൽ ഒരു ഞായറാഴ്ച മാത്രമാണ് വി. കുർബ്ബാന നടത്തുന്നതിന് നമ്മുടെ സഭയ്ക്ക് അവിടെ അനുവാദം ലഭിച്ചിരുന്നത്.

ആയത് സഭാമക്കളുടെ ആത്മീയ ആവശ്യങ്ങൾ നിറവേറ്റുന്നതിനും ഇടവകയുടെ പുരോഗതിക്കും പര്യാപ്തമല്ലാത്തതിനാൽ ഈ സ്ഥിതിക്ക് മാറ്റം വരുത്തുന്നതിനായി സഭാമക്കൾ ഒന്നിച്ച് പ്രവർത്തിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തതിന്റെ ഫലമായി 1966 -ൽ ഇന്നത്തെ പള്ളി ഇരിക്കുന്ന സ്ഥലം ലഭ്യമാകുകയും ഒരു കുരിശ് സ്ഥാപിക്കുകയും ചെയ്തു. പിന്നീട് 1978-ൽ ഈ സ്ഥലത്ത് ഒരു താൽക്കാലിക ഷെഡ് സ്ഥാപിക്കുകയും പ്രാർത്ഥനായോഗങ്ങൾ നടത്തിവരികയും ചെയ്തു. തുടർന്ന് ചെമ്മണ്ണ് സെന്റ് മേരീസ് യാക്കോബായ സുറിയാനിപള്ളി ഇടവകാംഗങ്ങളുടെയും കൂടി സഹകരണത്തോടെ താൽക്കാലിക ഷെഡ് പള്ളി ആക്കി മാറ്റുകയും 1979 - ഏപ്രിൽ മാസം 6-ാം തീയതി നാൽപതാം വെള്ളിയാഴ്ച ദിവസം പഞ്ഞിക്കാട്ടിൽ വന്ദ്യ വർഗീസ് ജോൺ കോറെപ്പിസ്കോപ്പ വി. ദൈവമാതാവിന്റെ നാമത്തിൽ ഈ ദേവാലയം താൽക്കാലിക കൂദാശ നടത്തി, വി. കുർബ്ബാന അർപ്പിക്കുകയും ചെയ്തു. തുടർന്ന് കുറെകാലം മാസത്തിൽ രണ്ടു ഞായറാഴ്ച വി. കുർബ്ബാന അർപ്പിച്ചു വന്നു. ആയതിനുശേഷം നി.വ.ദി.ശ്രീ. ഗീവർഗീസ് മാർ ഗ്രിഗോറിയോസ് (പെരുമ്പള്ളി) തിരുമേനി പള്ളിയിൽ എഴുന്നള്ളി വരികയും മാസത്തിൽ എല്ലാ ഞായറാഴ്ചകളിലും വി: കുർബ്ബാന അർപ്പിക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുകയും ചെയ്തു. 2003 ഫെബ്രുവരി മാസം 7-ാം തീയതി ഇടവക മെത്രാപ്പോലീത്ത നി.വ.ദി.ശ്രീ. തോമസ് മോർ തീമോത്തിയോസ് തിരുമനസ്സുകൊണ്ട് പള്ളിയുടെ വി. മൂറോൻ കൂദാശ നിർവ്വഹിക്കുകയും ചെയ്തു.

ഇപ്പോൾ പള്ളിക്ക് കാപ്പിപ്പതാലിലും പശുപ്പാറകവലയിലും മനോഹരങ്ങളായ കുരിശിൻതൊട്ടികളും ഉണ്ട്. പശുപ്പാറകവലയിൽ ആണ് പള്ളിവക സെമിത്തേരി. എല്ലാ വർഷവും ജനുവരി 26 ന് വി: ദൈവമാതാവിന്റെ ഓർമ്മപ്പെരുനാൾ ഭംഗിയായി നടത്തിവരുന്നു. ഇടവകയുടെ ആത്മീയ പുരോഗതിക്കായി സൺഡേസ്കൂൾ, മർത്തമറിയം സമാജം, യൂത്ത് അസോസിയേഷൻ, പ്രാർത്ഥനായോഗം എന്നിവ ബഹു: വൈദികരുടെ നേതൃത്വത്തിൽ പ്രവർത്തിച്ചു വരുന്നു. ഈ ഇടവകാംഗകളായ ഫാ. പീറ്റർ കുത്തുകല്ലുങ്കൽ, ഫാ. അജിമാത്യു ചെറിയാൻ കരിമ്പനയ്ക്കൽ എന്നിവരും വെരി. റവ. വർഗീസ് ജോൺ കോറെപ്പിസ്കോപ്പ പഞ്ഞിക്കാട്ടിൽ, ഫാ. കുര്യാക്കോസ് വൈദ്യൻപറമ്പിൽ, ഫാ. മർക്കോസ് മല്ലുകാട്ട്, ഫാ. ഗീവർഗീസ് തേക്കാനത്ത്, ഫാ. ജോൺ പോത്താനിക്കൽ, ഫാ. തോമസ് വേങ്കടത്ത്, ഫാ. ആൻഡ്രൂസ് ചിരവത്തറ, ഫാ. തോമസ് പള്ളിയമ്പിൽ, ഫാ. സക്കറിയ മൈലപ്പള്ളിൽ, ഫാ. മർക്കോസ് പണിക്കരുപറമ്പിൽ, ഫാ. ഏബ്രഹാം പരുത്തിക്കുന്നേൽ, ഫാ. എ. പി. മാത്യു ആലയ്ക്കക്കുടി, ഫാ. മാത്യു എം. ബാബു വടക്കേപ്പറമ്പിൽ, ഫാ. കെ.കെ. തോമസ് കറുകപ്പടിയിൽ, ഫാ. ജോൺ പഞ്ഞിക്കാട്ടിൽ, ഫാ. തോമസ് കണ്ടാന്ത്ര, ഫാ. ബിനോയി തോമസ് വള്ളിക്കാട്ടിൽ, ഫാ. കെ.പി. സ്ലീബാ കൊച്ചുപറമ്പിൽ, ഫാ. മാത്യു നടുവിലേക്കര എന്നീ വൈദീകരും ഈ പള്ളിയിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. 42 കുടുംബങ്ങൾ ഈ പള്ളിയിടവകയിൽ അംഗങ്ങളാണ്.

# മാർ ഏലിയാസ് തൃതീയൻ യാക്കോബായ സുറിയാനിപള്ളി, മുണ്ടക്കയം



കോട്ടയം ഭദ്രാസനത്തിന്റെയും അഖില മലങ്കര മഞ്ഞനിക്കര തീർത്ഥാടക സമൂഹത്തിന്റെയും മെത്രാപ്പോലീത്തയായിരുന്ന നി.വ. ദി.ശ്രീ. ഡോ. ഗീവർഗീസ് മാർ ഗ്രീഗോറിയോസ് തിരുമനസ്സിലെ 1990 ജനുവരി 9-ാം തീയതിയിലെ 5/90-ാം നമ്പർ കൽപ്പനപ്രകാരം പരി. സഭയുടെ ഹൈറേഞ്ച് മേഖലയിൽനിന്നും മഞ്ഞനിക്കര കാൽനട തീർത്ഥയാത്ര സമാരംഭിക്കുവാൻ പുന്നമറ്റത്തിൽ പി.വി. ജോണിനെ ചുമതലപ്പെടുത്തി. 1990 ഫെബ്രുവരി 9-ാം തീയതി മുണ്ടക്കയം കല്ലേൽ പാലത്തിനു സമീപം തയ്യാറാക്കിയ മാർ ഇഗ്നാത്യോസ് നഗറിൽ വച്ച് 26 വൈദികരുടെയും, അത്മായനേതാക്കന്മാരുടെയും, എം.പി., എം.എൽ.എ. മാർ പഞ്ചായത്ത് പ്രസിഡന്റുമാർ,



വികാരി



ട്രസ്റ്റി
ഷെവ. പി. വി. ജോൺ പുന്നമറ്റം



സെക്രട്ടറി
കുഞ്ഞുമോൻ സഖറിയ

പൗരമുഖ്യന്മാർ, നാനാജാതിമതസ്ഥരായ ആളുകൾ എന്നിവരുടെ സാന്നിദ്ധ്യത്തിൽ അഭിവന്ദ്യ തിരുമനസ്സുകൊണ്ട് തീർത്ഥയാത്ര ഉദ്ഘാടനം ചെയ്തു. തദവസരത്തിൽ തിരുമനസ്സുകൊണ്ട് ഇപ്രകാരം കൽപ്പിച്ചു. ''ഈ വർഷം ഇവിടെനിന്നും ഈ തീർത്ഥയാത്ര ആരംഭിക്കുന്നു എങ്കിലും അടുത്തവർഷം ഈ പരിസരത്ത് പരി. ബാവായുടെ നാമത്തിൽ നമ്മുടെ സ്വന്തമായ സ്ഥലത്തുനിന്നും ഈ തീർത്ഥയാത്ര ആരംഭിക്കുവാൻ നമ്മുടെ വാത്സല്യമക്കൾ പരിശ്രമിക്കണം. അതിനായി ഇവിടെ എത്തിച്ചേർന്നിരിക്കുന്ന എല്ലാവരും എന്റെ ജനത്തിന് ആവശ്യമായ സഹായം ചെയ്യണം." മേൽപ്പറഞ്ഞ ഉദ്ഘാടനവേളയിലെ തിരുമനസ്സിലെ ഈ പ്രവചന നിവൃത്തിയാണ് മുണ്ടക്കയം പള്ളി.

തീർത്ഥയാത്ര കഴിഞ്ഞു മടങ്ങി എത്തിയശേഷം എരുത്തിക്കൽ ശ്രീ. എം.ഇ. ഫിലിപ്പിന്റെ ഭവനത്തിൽ എം.ഇ. ഫിലിപ്പ്, പി.വി. ജോൺ പുന്നമറ്റത്തിൽ, പി.ഒ. മാണി പുന്നംതാനത്തി, കുര്യൻ ചെറിയാൻ വയലിപുരയത്ത്, റ്റി.എസ്. ഇട്ടിയവര തെക്കുംതറ, ഇ.എം. മാത്യു ഇരണയ്ക്കൽ, എം.ഇ. മർക്കോസ് എരുത്തിക്കൽ, വി.സി. അലക്സാണ്ടർ വെള്ളക്കോട്ട് എന്നിവർ ഒരു യോഗം കൂടുകയും, തിരുമനസ്സിലെ പ്രവചനനിവൃത്തിക്കായി പ്രവർത്തിക്കുവാൻ തീരുമാനിക്കുകയും, ഈ കാര്യം തിരുമേനിയെ അറിയിക്കുകയും ഇതിലേക്കായി റവ. ഫാ. കോശി ഏഴരപ്പറയെ പ്രസിഡന്റായും, പി.വി. ജോൺ പുന്നമറ്റത്തിനെ സെക്രട്ടറിയായും, എം.ഇ. ഫിലിപ്പ് എരുത്തിക്കലിനെ ട്രഷററായും നിയമിച്ചുകൊണ്ട് ഒരു കമ്മറ്റിയുടെ നേതൃത്വത്തിൽ മാർ ഇഗ്നാത്യോസ് യാക്കോബായ സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷന് അംഗീകാരം കൊടുക്കുകയും, ടി കമ്മറ്റിയുടെ പ്രവർത്തനഫലമായി പൊട്ടംകുളത്ത് ശ്രീ. കെ.വി. തോമസിനോട് (പാപ്പച്ചൻ) സ്ഥലം വാങ്ങുകയും 1991 ജനുവരി 6-ാം തീയതി അഭിവന്ദ്യ തിരുമനസ്സുകൊണ്ട് പരി. ഏലിയാസ് ബാവായുടെ തിരുനാമത്തിൽ പള്ളിക്ക് അടിസ്ഥാനശില സ്ഥാപിക്കുകയും ചെയ്തു. പരി. അമ്മയുടെയും പരി. ഏലിയാസ് ബാവായുടെയും, പ. പരുമല തിരുമേനിയുടെയും നാമത്തിൽ ത്രോണോസുകൾ സ്ഥാപിക്കുവാൻ മുന്നമേ തീരുമാനമായിരുന്നു. എങ്കിലും 1990 ജനുവരി 6-ാം തീയതി അഭിവന്ദ്യ തിരുമനസ്സുകൊണ്ട് കുമരകം ആറ്റാമംഗലം പള്ളിയിൽ വി. കുർബ്ബാന അർപ്പിച്ചുകൊണ്ടിരുന്നപ്പോൾ വിവശത ഉണ്ടാവുകയും, തക്സായിൽ യൂഹാനോൻ മാംദാന എന്ന് എഴുതികാണിക്കുകയും ചെയ്ത സംഭവം ഉണ്ടാവുകയും അങ്ങനെ പള്ളിയുടെ തെക്കെ ത്രോണോസ് യൂഹാനോൻ മാംദാനയുടെ നാമത്തിൽ സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു.

തുടർന്ന് കോരുത്തോട് സെന്റ് മേരീസ് പള്ളിയുടെ വികാരി ചട്ടത്തിൽ ബഹു:ഗീവറുഗീസ് അച്ചനെ ടി കമ്മറ്റിയുടെ പ്രസിഡന്റായി അഭിവന്ദ്യ തിരുമനസ്സുകൊണ്ട് നിയമിക്കുകയും, തുടർന്ന് മേൽപറഞ്ഞ 9 ഭവനങ്ങളിൽ ഞായറാഴ്ച ദിവസം ഭവനകൂട്ടായ്മ നടത്തുകയും, പള്ളിയുടെ നിർമ്മാണത്തിനായി പ്രാർത്ഥിക്കുകയും ചെയ്തുപോന്നിരുന്നു. സ്ഥലവില നൽകി ആധാരം എഴുതിച്ചപ്പോൾ സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവപ്പെടുകയാൽ തൽക്കാലം തറ കെട്ടിയാൽ മതി എന്നും, പള്ളി നിർമ്മാണത്തിനാവശ്യമായ പണം സ്വരൂപിച്ചിട്ട് പള്ളിപണി തുടർന്നാൽ മതി എന്നും കമ്മറ്റി തീരുമാനം എടുത്തു എങ്കിലും ദൈവ നടത്തിപ്പ് അപ്രകാരമായിരുന്നില്ല. എന്തെന്നാൽ പള്ളി എത്രയും വേഗത്തിൽ ഉണ്ടാവണമെന്നായിരുന്നു ദൈവനിശ്ചയം. മറ്റൊരു അത്ഭുത സംഭവത്തിലൂടെ ദൈവഹിതം വെളിപ്പെടുത്തി. അതായത് പള്ളിയുടെ തറയുടെ പണികൾ പൂർത്തിയാക്കിയതിന് ഏതാനും ദിവസങ്ങൾ കഴിഞ്ഞ് ഏറ്റുമാനൂരിൽ ഇല്ലിക്കൽ നാരായണൻ എന്നയാൾ ഇവിടെ വന്നു. വിവരം തിരക്കിയപ്പോൾ താൻ ഒരു കട്ടകച്ചവടക്കാരനാണെന്നും, വ്യാഴാഴ്ച രാത്രി തിരുവല്ലായിൽ കൊണ്ടുപോകുവാൻ കട്ട കയറ്റിയ ലോറി രാത്രി ആയതിനാൽ വീട്ടിൽ കൊണ്ടുവന്നിട്ടുവെന്നും, വെള്ളിയാഴ്ച രാവിലെ പോകുവാൻ വണ്ടി സ്റ്റാർട്ടാക്കിയപ്പോൾ സ്റ്റാർട്ടാകാതെ വന്നെന്നും, അന്നും ശനിയാഴ്ച പകലും മെക്കാനിക്കും, ഇലക്ട്രീഷ്യനും മാറി മാറി പണിതിട്ടും വണ്ടി സ്റ്റാർട്ടാക്കുവാൻ സാധിച്ചില്ലെന്നും അങ്ങനെ ഞായറാഴ്ച രാവിലെ കട്ട മറ്റൊരു വണ്ടിയിൽ പകർത്തികൊണ്ടുപോകാം എന്നുവിചാരിച്ച് പണികൾ നിർത്തി കിടന്നുറങ്ങിയെന്നും, രാത്രി 2 മണിയായപ്പോൾ താൻ ഒരു പ്രകാശവും, ആ പ്രകാശത്തിന്റെ നടുവിൽ ഒരു തിരുമേനിയേയും കണ്ടുവെന്നും, താൻ ഭയത്തോടെ എഴുന്നേറ്റു സാഷ്ടാംഗം പ്രണമിച്ചു എന്നും അപ്പോൾ കൈയ്യിൽ ഉണ്ടായിരുന്ന കുരിശുയർത്തി തന്നെ അനുഗ്രഹിച്ചിട്ട് ലോറിയിലെ കട്ട കിഴക്ക് എനിക്കൊരു പള്ളി പണിയുവാൻ കൊണ്ടുപോയി കൊടുക്കണമെന്നും പറഞ്ഞ് അപ്രത്യക്ഷനായെന്നും അങ്ങനെ ചിറ്റടിയിൽ തനിക്ക് പരിചയക്കാരുള്ളതിനാൽ അവിടെ എത്തി തിരക്കിയപ്പോൾ ഇവിടെ പള്ളി പണി നടക്കുന്നുവെന്ന് അറിഞ്ഞു വന്നതാണെന്നും പറഞ്ഞു. വിശ്വസിക്കാനായില്ലെങ്കിലും ഏതാനും തിരുമേനിമാരുടെ ഫോട്ടോകൾ അദ്ദേഹത്തെ കാണിച്ചു. എന്നാൽ അതിലാരുമല്ല താൻ കണ്ട തിരുമേനി എന്ന് ആ മനുഷ്യൻ പറഞ്ഞു. അവസാനം പരി. ഏലിയാസ് ബാവായുടെ ഫോട്ടോ കാണിച്ചപ്പോൾ സന്തോഷത്താൽ ടിയാൻ മതിമറന്ന് അവരുടേതായ ഈശ്വരന്മാരെ വിളിച്ച് നന്ദി പറയുകയും താൻ കൊണ്ടുവന്നിരിക്കുന്ന കട്ട ഇറക്കിവച്ചിട്ടു പോകുന്നതിനു സൗകര്യം തരണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. കട്ടയ്ക്കു പണം കൊടുക്കുവാനില്ലാത്തതിനാൽ എന്തു ചെയ്യണമെന്നറിയാതെ സഹപ്രവർത്തകരെ എല്ലാം വിളിച്ചാലോചിച്ചു. അവസാനം കട്ടയുടെ ഇറക്കുകൂലി മാത്രം തന്നാൽ മതിയെന്നും, ബാക്കി പണം ഉണ്ടാവുമ്പോൾ തന്നാൽ മതിയെന്നും, പള്ളിപണിക്കാവശ്യമായ കട്ട മുഴുവൻ 15 ദിവസങ്ങൾക്കുള്ളിൽ ഇവിടെ എത്തിച്ചു തന്നുകൊള്ളാമെന്നും കൂടി ആ മനുഷ്യൻ പറഞ്ഞപ്പോൾ ഇതു ദൈവിക പദ്ധതിയുടെ ഭാഗമാണെന്ന് ഉറച്ചുകൊണ്ട് കട്ട ഇറക്കി, ബാക്കി കട്ട ടി നാരായണൻ പറഞ്ഞതുപോലെ 15 ദിവസങ്ങൾക്കുള്ളിൽ ഇറക്കി തരികയും ചെയ്തു. ടി നാരായണൻ 2001 ൽ മരിക്കുന്നതുവരെ എല്ലാ വർഷങ്ങളിലും ഒരു പ്രാവശ്യമെങ്കിലും പള്ളിയിൽ എത്താറുണ്ടായിരുന്നു.

ഇതിനെതുടർന്ന് പണികൾ തീർക്കുവാൻ പ്രവർത്തകർ നിർബന്ധിതരാവുകയും 1992 സെപ്റ്റംബർ മാസത്തിൽ പണികൾ പൂർത്തീകരിക്കുകയും, 1992 ഒക്ടോബർ 2-ാം തീയതി അഭിവന്ദ്യ ഡോ. ഗീവർഗീസ് മാർ ഗ്രീഗോറിയോസ് തിരുമനസ്സുകൊണ്ട് പള്ളിയുടെ മൂറോൻ കൂദാശ നടത്തി ആരാധനയ്ക്കായി സമർപ്പിക്കുകയും ചെയ്തു. തുടർന്ന് കാലം ചെയ്ത മർക്കോസ് മാർ കൂറിലോസ് തിരുമേനി പള്ളിയുടെ ആദ്യ വികാരിയായി നിയമിതനായി. ഇപ്പോൾ കുന്നേൽ ജോർജ്ജ് അച്ചൻ വികാരിയായും, വള്ളിക്കാട്ടിൽ ബിനോയ് തോമസ് അച്ചൻ സഹവികാരിയായും സേവനം അനുഷ്ഠിക്കുന്നു. സ്ഥിരമായി യാതൊരു വരുമാനവും ഇല്ലാത്ത പള്ളിയുടെ സാമ്പത്തിക കാര്യങ്ങൾ ഒന്നും മുടക്കംവരാതെ ഇന്നും ദൈവം അത്ഭുതകരമായി നടത്തുന്നു. പരിമിതമായ സൗകര്യങ്ങൾ മാത്രമുള്ള ഈ ദേവാലയത്തിൽ ഹൈറേഞ്ചിൽ നിന്നും കാൽനടയായി വരുന്ന ആയിരക്കണക്കിനു തീർത്ഥാടകർ എത്തുന്ന ദിവസം മുണ്ടക്കയം പ്രദേശം ആകെ ഉത്സവത്തിന്റെ പ്രതീതിയാണ് അനുഭവപ്പെടുന്നത്. നാനാജാതി മതസ്ഥരായ ആളുകൾ 35-ാം മൈലിൽ നടക്കുന്ന സ്വീകരണം മുതൽ പള്ളിയിൽ തീത്ഥാടകർ എത്തുന്നതുവരെയും അവർക്കാവശ്യമായ ശുശ്രൂഷകൾ നൽകി പരി. മോറോന്റെ അടിയന്തിര സദ്യയിൽ പങ്കെടുത്ത് നേർച്ചകാഴ്ചകൾ സമർപ്പിച്ചു പോകുന്നത് ഈ ഇടവകയ്ക്ക് അഭിമാനവും ആശ്വാസവുമാണ്. ഏതാനും വർഷങ്ങളായി ഹിന്ദുക്കളായ സഹോദരങ്ങൾ പള്ളിയിൽ ആഴ്ചകൾക്കു മുന്നമേ എത്തി നോമ്പ് എടുക്കുകയും തീർത്ഥാടകരോടൊത്ത് മഞ്ഞനിക്കരയിലേക്ക് കാൽനടയായി പോവുകയും ചെയ്യുന്നു.

# സെന്റ് മേരീസ് യാക്കോബായ സുറിയാനിപള്ളി, പുറ്റടി






ഫാ. വി. സി. തോമസ്
വള്ളിക്കാട്ടിൽ



ട്രസ്റ്റി
വിസു ഏബ്രഹാം



വൈസ് പ്രസിഡന്റ്
ഏ. വി. വർഗീസ് അപ്പീസിൽ



സെക്രട്ടറി
റോയി തേക്കുപത്തിൽ



ജോ. സെക്രട്ടറി
വി. എ. ഏബ്രഹാം വള്ളിയാട്ട് തകിടിയിൽ

പതിറ്റാണ്ടുകൾക്ക് മുമ്പ് ഹൈറേഞ്ചിൽ വണ്ടൻമേട്, പുറ്റടി ഭാഗത്ത് കുടിയേറി പാർത്ത, അന്ത്യോഖ്യാ സിംഹാസനത്തോട് കൂറും ഭക്തിയുമുള്ള കുറെ യാക്കോബായ വിശ്വാസികൾ ചേർന്ന് വി. ദൈവമാതാവിന്റെ നാമത്തിൽ സ്ഥാപിച്ചതാണ് വി. മർത്തമറിയം യാക്കോബായ സുറിയാനിപള്ളി.

1958 ലെ സഭായോജിപ്പിനു ശേഷം പുറ്റടിയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വിശ്വാസികൾ ചേർന്ന് 1960 കളിൽ പടിഞ്ഞാറേക്കവലയിൽ കൊച്ച് എന്ന വ്യക്തിയുടെ സ്ഥലം വാങ്ങി ദൈവാലയം നിർമ്മിച്ച് ആരാധന തുടങ്ങി. അതിൽ 65 വീട്ടുകാർ സഹകരിച്ച് ആരാധന നടത്തിവരവെ വീണ്ടും 1972 ൽ തോമ്മാശ്ലീഹായുടെ സിംഹാസനവാദം തുടരുകയും കൽപ്പന വായിക്കുകയും ചെയ്തു. അന്ത്യോഖ്യാ വിശ്വാസികളായ കുറെപേർ ഇതിനെ എതിർക്കുകയും വിവരം ഗീവർഗീസ് മാർ ഗ്രീഗോറിയോസ് തിരുമേനിയെ അറിയിക്കുകയും ചെയ്തു. തിരുമേനിയുടെ നിർദ്ദേശപ്രകാരം ഒരു ദൈവാലയം നിർമ്മിക്കുവാൻ തീരുമാനിച്ചു. അതിനായി ആപ്പീസിൽ ചാക്കോ തോമസ് എന്ന വ്യക്തിയുടെ സ്ഥലം വാങ്ങി ഒരു ഷെഡ് വയ്ക്കുകയും അഭിവന്ദ്യ ഗീവർഗീസ് മാർ ഗ്രീഗോറിയോസ് തിരുമേനി അതിന്റെ താൽക്കാലിക കൂദാശ നടത്തുകയും ചെയ്തു. തുടർന്ന് അച്ചന്മാർ മാറിമാറി വന്ന് ആരാധന നടത്തി വരവെ 1974 ജനുവരി 24-ാം തീയതി രാത്രി ആരോ സാമൂഹിക വിരുദ്ധർ പള്ളിക്ക് തീവച്ച് നശിപ്പിച്ചു. ഇതിൽ മനംനൊന്ത വിശ്വാസികൾ അന്ത്യോഖ്യാ സിംഹാസന ഭക്തരായിരുന്ന പൂർവ്വപിതാക്കളുടെ മദ്ധ്യസ്ഥതയിൽ അഭയപ്പെട്ടുകൊണ്ട് വീണ്ടും ഒരു ഷെഡ് നിർമ്മിച്ച് ആരാധന നടത്തുകയും പുതിയ പള്ളിക്കായുള്ള ശ്രമം നടത്തുകയും ചെയ്തു. അങ്ങനെയിരിക്കെ ദൈവകൃപയാൽ 1984 മേയ് മാസം ഈ ദൈവാലയത്തിൽ പരിശുദ്ധ പരുമല തിരുമേനിയുടെ തിരുശേഷിപ്പ് കോട്ടയം ഭദ്രാസന മെത്രാപ്പോലീത്തയായിരുന്ന ഡോ. ഗീവർഗീസ് മാർ ഗ്രീഗോറിയോസ് തിരുമേനിയാൽ സ്ഥാപിതമായി. പരിശുദ്ധ പരുമല തിരുമേനിയുടെ തിരുശേഷിപ്പ് സ്ഥാപിച്ച ഹൈറേഞ്ചിലെ ഏക ദൈവാലയമാണ് പുറ്റടി സെന്റ് മേരീസ് യാക്കോബായ സുറിയാനിപള്ളി. വെള്ളിയാഴ്ചകളിൽ നടത്തി വരുന്ന കുർബ്ബാനകളിലും ധ്യാനയോത്തിലും ധാരാളം വിശ്വാസികൾ പങ്കെടുത്ത് അനുഗ്രഹവും ഉദ്ദിഷ്ടകാര്യവും പ്രാപിച്ചു വരുന്നു. ഈ തിരുശേഷിപ്പ് സ്ഥാപിച്ചതിനു ശേഷം പരിശുദ്ധ ദൈവാലയത്തിന് അത്ഭുതകരമായ പുരോഗതി നാൾക്കുനാൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. 1990 ൽ ഈ പള്ളിക്ക് സ്വന്തമായി ഒരു ഭരണഘടന ഉണ്ടാക്കുകയും ഇടവക മെത്രാപ്പോലീത്താ അത് അംഗീകരിച്ചുതരികയും ചെയ്തു. അതിൻപ്രകാരം ഭരണം നടത്തി വരുന്നു. കോട്ടയം ഭദ്രാസനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വൈദികരുടെയും ഇടവക ജനങ്ങളുടെയും കൂട്ടായ പ്രവർത്തനഫലമായി 1995 ൽ ഈ ദൈവാലയത്തിന്റെ പണികൾ പൂർത്തീകരിക്കുകയും ജനുവരി മാസം 15, 16 തീയതികളിൽ അന്നത്തെ ഇടവക മെത്രാപ്പോലീത്ത ഗീവർഗീസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ മുഖ്യ കാർമികത്വത്തിൽ മൂറാൻ കൂദാശ നിർവ്വഹിക്കപ്പെടുകയും ചെയ്തു.

വി. ദൈവമാതാവിന്റെ വിത്തുകളെപ്രതിയുള്ള പെരുനാൾ ജനുവരി മാസം 15, 16 തീയതികളിലും, പരിശുദ്ധ പരുമല തിരുമേനിയുടെ ഓർമ്മപ്പെരുനാൾ നവംബർ മാസം 1, 2 തീയതികളിലും ഈ പള്ളിയിൽ ആണ്ടുതോറും നടത്തിവരുന്നു. കൂടാതെ ദൈവമാതാവിന്റെ ജനന പെരുനാൾ സെപ്റ്റംബർ 8 നും ഗീവർഗീസ് സഹദായുടെ ഓർമ്മ മേയ് ആദ്യ ആഴ്ചയിലും നടത്തി വരുന്നു. സെന്റ് മേരീസ് സൺഡേസ്കൂൾ, സെന്റ് ജോർജ്ജ് പ്രാർത്ഥനായോഗം, സെന്റ് ഗ്രീഗോറിയോസ് പ്രാർത്ഥനായോഗം, മർത്തമറിയം വനിതാ സമാജം, ഹെയിൽമേരി ലീഗ്, യൂത്ത് അസ്സോസിയേഷൻ, വിശ്വാസ സംരക്ഷണ സമിതി എന്നിവ ഈ പള്ളിയിലെ സജീവ സംഘടനകളാണ്. 100 ൽ പരം വീട്ടുകാർ ഇപ്പോൾ ഈ പള്ളിയിൽ ഇടവകക്കാരായുണ്ട്.

# സെന്റ് ജോൺസ് യാക്കോബായ സുറിയാനിപള്ളി ഒലിവുമല – ചക്കുപള്ളം, അണക്കര പി.ഒ.



കുങ്കിരിപ്പെട്ടി സെന്റ് തോമസ് ഇടവകാംഗങ്ങളായിരുന്ന സത്യവിശ്വാസികളായ സഭാമക്കളിൽ 15 കുടുംബക്കാർ ഒത്തുചേർന്ന് വേറൊരു ദേവാലയം പണികഴിപ്പിച്ച് വിശ്വാസം നിലനിർത്തിപ്പോരുന്നതിന് തീരുമാനിച്ചു. 1979–ൽ കുമളി – മൂന്നാർ റോഡിനോട് ചേർന്ന് കുമളി ഏഴാം മൈലിൽ 22 സെന്റ് സ്ഥലം വാങ്ങി വി. ദേവാലയം സ്ഥാപിച്ചു.

ഇവിടെ ആരാധനാ



വന്ദ്യ കുറിയാക്കോസ് കോറെപ്പിസ്കോപ്പാ പോത്താനിക്കൽ



ട്രസ്റ്റി
മാത്യു ചാക്കോ കാലുകടവിൽ



സെക്രട്ടറി
ജോഷി തോമസ് കരിമ്പിൽ



കൗൺസിൽ മെമ്പർ
ബാബു തോമസ് കരിമ്പിൽ

യോഗ്യമായ ദേവാലയം പണിയുന്നതിന് ബുദ്ധിമുട്ടിയ ഇടവകാംഗങ്ങൾ അഭിവന്ദ്യ ഗീവർഗീസ് മോർ ഗ്രീഗോറിയോസ് തിരുമേനിയെ (അഭിവന്ദ്യ പെരുമ്പള്ളി തിരുമേനി) സങ്കടങ്ങൾ ബോധിപ്പിച്ചു. സഭാമക്കളുടെ കഷ്ടതകൾ മനസ്സിലാക്കിയ അഭിവന്ദ്യ തിരുമേനി ഇവിടേക്ക് എഴുന്നള്ളി വരികയും ആലയത്തിൽ കയറി പ്രാർത്ഥിക്കുകയും ദേവാലയം യൂഹാനോൻ മാംദോനോയുടെ മദ്ധ്യസ്ഥതയിൽ സമർപ്പിക്കുകയും സ്ഥലത്തിന് ഒലിവുമല എന്ന് നാമകരണം ചെയ്യുകയും ചെയ്തു.

ഇടവകയുടെ തുടർന്നുള്ള നടത്തിപ്പിനായി ബഹുമാനപ്പെട്ട ഫാ. കുര്യാക്കോസ് മംഗലത്തിനെ ചുമതലകൾ ഏൽപ്പിക്കുകയും ചെയ്തു. പള്ളി മേഞ്ഞ് ആരാധനായോഗ്യമാക്കി തീർക്കുന്നതിലേക്ക് 3000 രൂപ അഭിവന്ദ്യ പെരുമ്പള്ളി തിരുമേനി തന്നു. തുടർന്നുള്ള ഇടവകയുടെ നടത്തിപ്പിനായി ഫാ. ഫിലിപ്പ് ജെ. പുത്തൻവീട്ടിലിനെ കൽപ്പിച്ച് നിയമിച്ചുതന്നു.

1981–ാമാണ്ട് ജനുവരി മാസം 25–ാം തീയതി അഭിവന്ദ്യ തിരുമേനി ഈ ദേവാലയം കൂദാശ ചെയ്തു. ഇടവകാംഗങ്ങളുടെയും മറ്റനേകം വിശ്വാസികളുടെയും നേർച്ചകാഴ്ചകളും സംഭാവനകളും സ്വരൂപിച്ച് 50 സെന്റ് സ്ഥലവും വിവിധ കാലയളവുകളിലായി പള്ളിയോട് ചേർത്ത് വാങ്ങുകയും ചെയ്തു. കരിമ്പിൽ ഏബ്രഹാം തോമസ് 1977–ാമാണ്ടിൽ അരസെന്റ് സ്ഥലം കുരിശിൻതൊട്ടിയിക്കായി വാങ്ങി പള്ളിക്ക് നൽകുകയുണ്ടായി. നിലവിൽ 55 കുടുംബങ്ങൾ ഇടവകയിൽ ചേർന്ന് സഹകരിക്കുന്നു.

ബഹുമാനപ്പെട്ട ഫാ. ഫിലിപ്പ് ജെ. പുത്തൻവീട്ടിൽ, ഫാ. കുര്യാക്കോസ് മംഗലത്ത്, ഫാ. ജോസഫ് പുറ്റാനിൽ, ഫാ. തോമസ് കണ്ടമുണ്ടാരിൽ, ഫാ. ഏബ്രഹാം പരുത്തിക്കുന്നേൽ, വന്ദ്യ വർഗീസ് ജോൺ കോറെപ്പിസ്കോപ്പ പഞ്ഞിക്കാട്ടിൽ, ഫാ. മാത്യൂസ് ആലയ്ക്കാകുടിയിൽ, ഫാ. സജി മണർകാട്, ഫാ. ജോൺ പഞ്ഞിക്കാട്ടിൽ എന്നീ വൈദികശ്രേഷ്ഠർ വിവിധ കാലയളവിൽ സേവനമനുഷ്ഠിച്ചിരുന്നു. വികാരി വന്ദ്യ കുര്യാക്കോസ് കോറെപ്പിസ്കോപ്പ പോത്തിനിക്കൽ, സഹവികാരി റവ. ഫാ. ബാബു വർഗീസ് പതിനാൽപ്പറയിൽ എന്നീ വൈദികർ ഇപ്പോൾ ഇടവകയെ നയിക്കുന്നു.


നിലവിലുള്ള ദേവാലയം ചെറുതും ജീർണ്ണാവസ്ഥയിലുള്ളതും ആരാധനാവശ്യങ്ങൾക്ക് അപര്യാപ്തവുമായതിനാൽ പുതിയ ദേവാലയം പണിതുകൊണ്ടിരിക്കുന്നു. പുതിയ ദേവാലയത്തിന് 2005 ജനുവരി മാസം 7–ാം തീയതി കോട്ടയം ഭദ്രാസന മെത്രാപ്പോലീത്ത നി. വ. ദി. ശ്രീ. തോമസ് മോർ തീമോത്തിയോസ് തിരുമേനി തറക്കല്ലിട്ടു. പെരുനാൾ : ജനുവരി 6, 7 തീയതികളിൽ (ദനഹാ പെരുനാൾ, മോർ യൂഹാനോൻ മാംദോനോയുടെ ശിരച്ഛേദനത്തിന്റെ ഓർമ്മ) ആഘോഷിക്കുന്നു.

# സെന്റ് ജോർജ്ജ് യാക്കോബായ സുറിയാനിപള്ളി, വാളാടി



വിശുദ്ധ ഗീവർഗീസ് സഹദായുടെ നാമത്തിൽ 1974 ൽ സ്ഥാപിക്കപ്പെട്ട ദേവാലയമാണ് ഇത്. വടക്കുവശത്തെ ത്രോണോസ് വിശുദ്ധ ദൈവമാതാവിന്റെയും തെക്കുവശത്തെ ത്രോണോസ് പരിശുദ്ധ ഏലിയാസ് തൃതീയൻ ബാവായുടെയും നാമത്തിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു.

പരേതനായ വിരുത്തിപ്പടവിൽ ശ്രീ. അലക്സാണ്ടർ ചാണ്ടി (കുഞ്ഞ്) അവർകൾ പരിശുദ്ധ



വികാരി
ഫാ. കുര്യൻ ജോയി കല്ലുങ്കത്ര



ട്രസ്റ്റി
ബാബു വർഗീസ്



സെക്രട്ടറി
ഷിജോ ഐപ്പ്

യാക്കോബായ സഭ പ്രതിസന്ധിഘട്ടത്തിൽ ആയിരുന്നപ്പോൾ, സഭയുടെ വിശ്വാസവും പാരമ്പര്യവും കാത്തുസൂക്ഷിക്കുവാൻ സഭയുടെ പുത്രനായ അദ്ദേഹം താൽക്കാലികമായി കെ.കെ. റോഡിന്റെ സൈഡിൽ പ്ലാക്കാട് എസ്റേററ് വക സ്ഥലത്ത് പുല്ലുമേഞ്ഞ ഒരു ചാപ്പൽ പണിയുകയും കാലംചെയ്ത അഭിവന്ദ്യ ഗീവർഗീസ് മോർ ഗ്രീഗോറിയോസ് തിരുമേനി (പെരുമ്പള്ളി തിരുമേനി) ഇവിടെ എഴുന്നള്ളി വന്ന് ചാപ്പലിന്റെ കൂദാശ നടത്തുകയും വിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്തു.

ചാപ്പലിന്റെ ആരംഭഘട്ടങ്ങളിൽ മാസത്തിൽ രണ്ട് തവണ മാത്രമേ വിശുദ്ധ കുർബാന അർപ്പിച്ചിരുന്നുള്ളൂ. ചാപ്പലിന്റെ ആരംഭം മുതൽ, ഇടവക ആകുന്നതുവരെയും എല്ലാ ചെലവുകളും വഹിച്ചിരുന്നത് ശ്രീ. അലക്സാണ്ടർ ചാണ്ടി ആയിരുന്നു. വി.കുർബാന അർപ്പിക്കുവാൻ വരുന്ന വൈദികർക്കും, ശുശ്രൂഷകർക്കും താമസ സൗകര്യം പ്ലാക്കാട് എസ്റേററ് വക കെട്ടിടത്തിൽ ആയിരുന്നു. ആരംഭഘട്ടങ്ങളിൽ വളരെ കുറച്ച് വിശ്വാസികളേ ഉണ്ടായിരുന്നുള്ളൂ. തുടർന്ന് സമീപഇടവകകളിൽ നിന്നും വിശ്വാസികളുടെ സൗകര്യാർത്ഥം കുടുതൽ ആളുകൾ ഈ പള്ളിയി ലേക്ക് വരികയും തങ്ങളുടെ ആത്മീയ കാര്യങ്ങൾ നടത്തുകയും ചെയ്തിരുന്നു. 1982 ൽ പരി. പാത്രിയർക്കീസ് ബാവായുടെ ഭാരത സന്ദർശനവേളയിൽ ഇവിടെ എഴുന്നള്ളി വന്ന്, പുതിയ ദേവാലയത്തിന്റെ ശിലാസ്ഥാപനം നിർവഹിച്ചു.

1986 ൽ വിരുത്തിപ്പടവിൽ കൂടുംബാംഗങ്ങൾ വളരെ മനോഹരമായ ഒരു ദേവാലയം പണിത്, കാലം ചെയത കോട്ടയം ദദ്രാസന മെത്രാപ്പോലീത്ത അഭിവന്ദ്യ ഗീവർഗീസ് മോർ ഗ്രീഗോറിയോസ് തിരുമേനിയെ എൽപ്പിച്ചു. തുടർന്ന് പതിവുപോലെ വിശുദ്ധ കുർബാന നടത്തി വന്നു. 24–05–1992 ൽ അഭിവന്ദ്യ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ പൊതുയോഗം കുടുകയും പ്രസ്തുത യോഗത്തിൽ വിശ്വാസികൾ ആവശ്യപ്പെട്ടതിനാൽ അഭിവന്ദ്യ തിരുമേനി ഈ പള്ളിയെ ഒരു ഇടവക പള്ളി യാക്കി മാസത്തിൽ നാല് ഞായറാഴ്ച്ചയും വി.കുർബാന അർപ്പിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തുതന്നു. ഭരണസമിതിയെ നിയോഗിച്ച് തീരുമാനിച്ച് ആവശ്യമായ പള്ളി റിക്കാർഡുകൾ കൈകാര്യം ചെയ്യുവാൻ കൽപ്പിച്ച് അധികാരം തന്നു. ഇന്നുവരെയും തുടർന്നുള്ള ഭരണസമിതികൾ ഇടവകയുടെ കാര്യങ്ങൾ നടത്തിവരുന്നു.

അഭിവന്ദ്യ തിരുമേനിയുടെ പ്രത്യേക നിർദ്ദേശ പ്രകാരം പള്ളിയോട് അനുബന്ധിച്ച് തിരുമേനിക്കും വൈദികർക്കും താമസിക്കുന്നതിന്, അന്നത്തെ ഇടവക വികാരി ബഹു. കൂര്യാക്കോസ് പോത്താനിക്കൽ അച്ചന്റെ നേതൃത്വത്തിൽ ശ്രീ. അലക്സാണ്ടർ കുര്യന്റെ സഹകരണത്തിൽ, വളരെ ചെറുതെങ്കിലും, അത്യാവശ്യ സൗകര്യങ്ങളോടു കൂടിയ ഒരു പഴ്സനേജ് പണിത് അഭിവന്ദ്യ തിരുമേനി കുദാശ നടത്തി. 1995 ൽ ശ്രീ. വി.റ്റി. ജോൺ വട്ടച്ചാൽ അവർകൾ പള്ളിക്ക് മനോഹരമായ ഒരു കുരിശുപള്ളി കെ.കെ. റോഡിന്റെ സൈഡിൽ നിർമ്മിച്ചുതന്നു. ഈ പള്ളിയിലെ ഡൈമുക്ക് മേഖലയിലൂള്ള ഇടവകക്കാർ താമസിക്കൂന്ന സ്ഥലത്ത് ഒരു ഹിന്ദു വിശ്വാസി മനോഹരമായ ഒരു കുരിശുപള്ളി പണിയിച്ചു തന്നു. കഴിഞ്ഞ രണ്ട് വർഷങ്ങളായി പെരുനാളിനോട് അനുബന്ധിച്ച് ഈ കുരിശുപള്ളിയിലും വി.കുർബാന അർപ്പിച്ചു വരുന്നു.

2000 ൽ നിലവിലുണ്ടായിരുന്ന പഴ്സനേജ് വിപുലീകരിച്ച് കോട്ടയം ദദ്രാസനത്തിന്റെ ഇപ്പോഴത്തെ മെത്രാപ്പോലീത്ത അഭിവന്ദ്യ തോമസ് മോർ തീമോത്തി യോസ് തിരുമേനി കുദാശ നടത്തി. 2001 മുതൽ ഹൈറേഞ്ച് മേഖലയുടെ ഒരു റീജനൽ സെന്റർ ആയി ഇതു പ്രവർത്തിച്ചു വരുന്നു. 2002 മേയ് മാസം 15–ാം തീയതി, ഈ പള്ളിയുടെ പെരുനാളിനോടനുബന്ധിച്ച് ഇവിടെ ദീർഘകാലം സേവനമനുഷ്ഠിച്ച ബഹു. കൂര്യാക്കോസ് പോത്താനിക്കൽ അച്ചന് കോറെപ്പിസ്കോപ്പ സ്ഥാനം ഈ പള്ളിയിൽ വച്ച് ഇപ്പോഴത്തെ ഭദ്രാസന മെത്രാപ്പോ ലീത്ത നൽകി. പള്ളിയുടെ ഭരണപരമായ കാര്യങ്ങൾ നിർവഹിക്കുന്നത് പൊതുയോഗത്താൽ തിരഞ്ഞെടുക്കപ്പെടുന്ന പത്ത് അംഗങ്ങളും വികാരിയും സഹവികാരിയും അടങ്ങുന്ന മാനേജിംഗ് കമ്മറ്റിയാണ്.

1995 മുതൽ ഈ പള്ളിയിൽ എട്ടുനോമ്പ് ആചരിച്ചു വരുന്നു. ഇടവകയുടെ പെരുനാൾ എല്ലാ വർഷവും മേയ് 15ന് നടത്തുന്നു. പള്ളിയിൽ ആത്മീയ പ്രസ്ഥാനങ്ങൾ ഭംഗിയായി നടന്നു വരുന്നു. ഇപ്പോൾ ഈ പള്ളിയിൽ താൽക്കാലികവും, സ്ഥിരവുമായി 55 കുടുംബങ്ങൾ ഉണ്ട്. ഇപ്പോൾ ഈ പള്ളിയിൽ വികാരിയായി സേവന മനുഷ്ഠിക്കുന്നത് കല്ലുങ്കത്ര ബഹുമാനപ്പെട്ട കുര്യൻ ജോയി അച്ചനാണ്.

# സെന്റ് ജോർജ്ജ് യാക്കോബായ സുറിയാനിപള്ളി കെ. ചപ്പാത്ത്, ഇടുക്കി ജില്ല, കരിങ്കുളം





ഫാ. പി. എം. ഗീവർഗീസ് കല്ലുപ്പറമ്പിൽ

1948–ൽ അന്നത്തെ കോട്ടയം ഭദ്രാസന മെത്രാപ്പോലീത്ത ആയിരുന്ന മീഖായേൽ മോർ ദീവന്നാസ്യോസ് തിരുമേനിയുടെ അനുമതിയോടെയും അനുഗ്രഹത്തോടെയും സ്ഥാപിതമായ ദേവാലയമാണ് കരിങ്കുളം സെന്റ് ജോർജ്ജ് യാക്കോബായ സുറിയാനിപള്ളി. അന്ന് പള്ളം കരയിൽ കല്ലൂപ്പറമ്പിൽ പരേതനായ ശ്രീ. വി.ഐ. മാത്തൻ അവർകളുടെ പ്രത്യേക താല്പര്യത്താലും ഉത്സാഹത്താലുമാണ് ഈ ദേവാലയം സ്ഥാപിതമായത്. അദ്ദേഹത്തിന്റെ പിൻതലമുറക്കാരും ഈ പള്ളിയുടെ എല്ലാ കാര്യങ്ങളിലും അതീവ ശ്രദ്ധാലുക്കളാണ്.

മോർ ഗീവർഗീസ് സഹദായുടെ നാമത്തിലുള്ള ഈ പള്ളി കോട്ടയം ഭദ്രാസനത്തിന്റെ കീഴിലാണ്. എല്ലാ ഞായറാഴ്ചകളിലും വിശേഷ ദിവസങ്ങളിലും മുടക്കം കൂടാതെ ഈ പള്ളിയിൽ വി. കുർബ്ബാന അർപ്പിച്ചു പോരുന്നു. ഈ ദേവാലയത്തിന് രണ്ടു കുരിശുപള്ളികൾ ഉണ്ട്. പള്ളിയിൽ നിന്ന് ഉദ്ദേശം അഞ്ഞൂറു വാര അകലെ ചപ്പാത്ത് ടൗണിൽ ഒന്ന്, രണ്ടാമത്തേത് രണ്ടു കിലോമീറ്റർ അകലെ ആലടി എന്ന സ്ഥലത്തും. മാസാവസാന ശനിയാഴ്ചകളിൽ ആലടിയിലെ കുരിശുപള്ളിയിൽ പ്രാർത്ഥന നടത്തി വരുന്നു. ജനുവരി 26–ാം തീയതിയാണ് ഈ പള്ളിയിലെ പ്രധാന പെരുനാൾ ആഘോഷിക്കുന്നത്.

അഭിവന്ദ്യ ഭദ്രാസന മെത്രാപ്പോലീത്ത വികാരിയേയും സഹവികാരിമാരെയും നിയമിക്കുന്നു. ഇപ്പോൾ പള്ളം കല്ലൂപ്പറമ്പിൽ റവ. ഫാ. ഗീവർഗീസ് ആജീവനാന്ത വികാരിയായും റവ. ഫാ. പീറ്റർ കുത്തുകല്ലുങ്കൽ, റവ. ഫാ. മാത്യു കുര്യൻ നടുവിലേക്കര എന്നിവർ സഹവികാരിമാരായും സേവനം അനുഷ്ഠിച്ചു വരുന്നു. എൺപതോളം കുടുംബാംഗങ്ങളുള്ള ഈ ചെറിയ ഇടവകയിലെ എല്ലാ വിശ്വാസികളും ഈ പള്ളിയുടെ ഏതു കാര്യത്തിലും ആത്മാർത്ഥമായ സഹകരണമാണ് നൽകിക്കൊണ്ടിരിക്കുന്നത്. സൺഡേസ്കൂൾ, വനിതാ സമാജം, പ്രാർത്ഥനായോഗം തുടങ്ങിയ ആത്മീയ പ്രസ്ഥാനങ്ങൾ നന്നായി നടക്കുന്നു. കുട്ടിക്കാനം – കട്ടപ്പന റോഡിന്റെ സൈഡിൽ, കുട്ടിക്കാനത്തു നിന്ന് 20 കിലോമീറ്റർ അകലെ – കെ. ചപ്പാത്ത് എന്ന സ്ഥലത്ത് പ്രകൃതിരമണീയമായ സ്ഥാനത്ത് ഈ പ്രദേശത്തെ അനുഗ്രഹിച്ചുകൊണ്ട് ഈ ദേവാലയം സ്ഥിതിചെയ്യുന്നു.

# സെന്റ് മേരീസ് യാക്കോബായ പള്ളി, ഇടുക്കി



ഇടുക്കി ജില്ലാ ആസ്ഥാനം സ്ഥിതി ചെയ്യുന്ന വാഴത്തോപ്പ് പഞ്ചഅചായത്തിൽ 1984 മുതൽ കുടിയേറ്റം തുടങ്ങി തൊടുപുഴ ഉടമ്പന്നൂർ മേഖലകളിൽ നിന്നും കുടിയേറിയ ജനങ്ങൾ കൊമ്പേരി മലകയറി ഇടുമ്പന്നൂർ പോയി ആയിരുന്നു. നിത്യോപയോഗ സാധനങ്ങൾ വാങ്ങിയിരുന്നത്. ഇന്നത്തെ വാഴത്തോപ്പ് ഉടുമ്പന്നൂർ പഞ്ചായത്തിൽ ആയിരുന്നു നിലനിന്നിരുന്നത്. വാഴത്തോപ്പിൽ അന്നു കുടിയേറിയിരുന്ന സുറഇയാനി ക്രിസ്ത്യാനികൾക്ക് ആരാധന സൗകര്യത്തിനായി അന്നത്തെ കണ്ടനാട് ബദ്രാസന മെത്രാപ്പോലീത്ത ആയിരുന്ന പൗലോസ് മാർ പീലക്സിനോസ് തിരുമേനിയെ (കാലം ചെയ്ത ശ്രേഷ്ഠബാവ) കാണുകയും അപേക്ഷ സമർപ്പിക്കുകയും ചെയ്തതിന്റെ ഫലമായി പള്ളി പമിക്ക് അനുമതി നൽകി ഇപ്പോൾ കെ.എസ്.ഇ.ബി ഐ.ബി ഇരിക്കുന്ന സ്ഥലത്ത് തുരുത്തിക്കാട്ടിൽ അബ്രഹാം സംഭാവനയായി നൽരിയ 50 സെന്റ് സ്ഥലത്ത് പുല്ല് മേഞ്ഞ് പള്ളി പണിയുകയും വി. കുർബ്ബാന അർപ്പിക്കുകയും ചെയ്തു. 1961ൽ അവിടെനിന്നും കുടി ഇറക്കി. ഇപ്പോൾ പള്ളിയിരിക്കുന്ന സ്ഥലം കെ.എസ്.ഇ.ബി എൻജീനീയർ ആയിരുന്ന ഇ. വി. ഫീലിപ്പോസ് എന്യാൾ മാരാംകണ്ടത്തിൽ അച്ചന്റെ കൈയ്യിൽ നിന്നും വിലക്ക് വാങ്ങി പള്ളിക്ക് സംഭാവന നൽകിയതാണ്. ഷെഡ് കെട്ടി ആരാധന നടത്തുന്ന സമയം ഇടുക്കി ഡാമിന്റെ പണിക്കായി കടന്നുവന്ന എൻജിനീയർമാരും കോൺട്രാക്റ്റേഴ്സും ജനങ്ങളും അഭി. തിരുമേനി കണ്ട് സഹായം അഭ്യർത്ഥിക്കുകയും ചെയ്തു. അന്നുണ്ടായിരുന്ന കുടുംബക്കാരും ഡാംപണിക്കായി കടന്നു വന്ന ജനങ്ങളുടെയും ആത്മാർത്ഥമായ ശ്രമഫലമായി ഇന്നു കാണുന്ന പള്ളി പണി പൂർത്തീകരിച്ച് 1962ൽ ഈ ദേവാലയം സ്ഥാപിക്കുകയും അന്നു മുതൽ പരിശുദ്ധ യാക്കോബായ സുറിയാനി സഭയിൽ നില നിന്നു പോരുകയും ചെയ്തു, 1963, 64 കാലഘട്ടത്തിൽ അഭിവന്ദ്യ തിരുമേനിയുടെ ശ്രമഫലമായി എൽ. പി. സ്കൂൾ സ്ഥാപിക്കുകയും ചെയ്തു. പള്ളിയുടെ ആരംഭകാല ഇടവകാംഗങ്ങൾ ജീവിച്ചിരുന്നവർ, ഐസക് മാടയ്ക്കാപ്പിള്ളിൽ, ജോസഫ് മാടയ്ക്കാപ്പള്ളിൽ ചാക്കോ നെല്ലിക്കുന്നേൽ എന്നിവരും അബ്രഹാം തുരുത്തിക്കാട്ടിൽ, പൈലിചാത്തനാട്ട്, കുഞ്ഞപ്പൻ, ചാത്തനാട്ട്, അവറാച്ചൻ വടക്കേടത്ത്, ഉതുപ്പ് മാടയ്ക്കാപ്പിള്ളിൽ എന്നിവർ കർത്തൃസന്നിധി പൂകി. പരിശുദ്ധ അന്ത്യോഖ്യ സിംഹാസനത്തിൽ അടിയുറച്ചു നിന്ന് ഈ ഇടവക കൂറുമാറിയ അത്താനാനിയോസ് മെത്രാന്റെയും അന്നത്തെ വികാരിയായിരുന്ന ബിനോയി പട്ടുകുന്നേലിന്റെയും അധികാരദ്രവം മൂലം ഈ പള്ളി പട്ടുകുന്നേലിന്റെയും അധികാലദ്രവം മൂലം ഈ പള്ളി പൂട്ടപ്പെട്ടിരിക്കുന്നു. ഇടുക്കി ജില്ല ആസ്ഥാനത്ത് സ്ഥിതി ചെയ്യുന്ന ഈ ദേവാലയം വി. ദേവമാതാവിന്റെ നാമത്തിൽ സ്ഥാപിതമായിരിക്കുന്നു. ചെറുതോണി ടൗണിൽ മോർ ഗ്രീഗോറിയോസ് കുരുശുപള്ളിയും സ്ഥാപിതമായിട്ടുണ്ട്. കുന്നിൻപുറത്ത് നിൽക്കുന്ന ഈ ദേവാലയമുറ്റത്തുനിന്നാൽ ചെറുതോണി ഡാമും കുറവൻ കുറത്തിമലയും കൺകുളിർക്കെ കാണാം ഈ ഇടവകയിൽ മൂന്ന് കുടുംബ യൂണിറ്റും, സൺഡേസ്ക്കൂൾ, യൂത്ത് അസോസിയേഷൻ, വനിത സമാജം, പ്രെയർ സെൽ എന്നിവ ഭംഗിയായി പ്രവർത്തിക്കുന്നു. വികാരിയായി ഷിബിൻ പോൾ പെരുബ്ബാട്ട് ട്രസ്റ്റ്മാരായി. കുരിയൻ തണ്ടേൽ, സജിജോൺ തെക്കേടത്ത് സെക്രട്ടി ബെന്നിമുണ്ടനാനി എന്നിവരും സൺഡേസ്ക്കൂൾ ഹെഡ്മാസ്റ്റർ ആയി ജോയിമാടയ്ക്കാപ്പിള്ളിൽ യൂത്ത് അസോസിയേഷൻ സെക്രട്ടറിയായി ജോമോൻ അബ്ബാട്ട് വനിതസമാജം സെക്രട്ടറിയായി ബിന്ദുറോയി എന്നിവരും പ്രവൃത്തിക്കുന്നു.



വികാരി
ഫാ. ഷിബിൻ പോൾ പെരുമ്പാട്ട്



ട്രസ്റ്റി
കുര്യൻ റ്റി. എം. തണ്ടേൽപുത്തൻപുര



സെക്രട്ടറി
സജിമോൻ തെക്കേടത്ത്


# സെന്റ് പീറ്റേഴ്സ് യാക്കോബായ സുറിയാനിപള്ളി

## നെറ്റിത്തൊഴു, കൊച്ചറ



1940–50 കാലഘട്ടത്തിൽ മദ്ധ്യതിരുവിതാംകൂറിൽ നിന്നും അന്നത്തെ കോട്ടയം ജില്ലയുടെ കിഴക്കൻ മേഖലയിൽ കുടിയേറിയ യാക്കോബായ സുറിയാനി വിശ്വാസികൾ നെറ്റിത്തൊഴുവിൽ വി. ഗീവർഗീസ് സഹദായുടെ നാമത്തിൽ ദേവാലയം നിർമ്മിച്ച് ആരാധന നടത്തിവന്നു. എന്നാൽ 1973 -ൽ ഓർത്തഡോക്സ് - യാക്കോബായ സഭാ ഭിന്നിപ്പിന്റെ ഘട്ടത്തിൽ പരി: അന്ത്യോഖ്യാ സിംഹാസനത്തോട് കൂറും വിധേയത്വവും പ്രഖ്യാപിച്ച് ഇടവക വികാരി റവ: ഫാ: ജോസഫ് കുന്നുമ്മേലിന്റെ നേതൃത്വത്തിൽ കോര ഇട്ടി ചക്കാലയിൽ, ചാക്കോ ജോസഫ് കിഴക്കേക്കരയിൽ, വർഗീസ് മാത്യു മാടപ്പാട്ട്, ഉലഹന്നാൻ കുര്യാക്കോസ് നടുത്തൊട്ടിയിൽ എന്നിവർ ചേർന്ന് നെറ്റിത്തൊഴുവിൽ പാത്രിയർക്കീസ് വിശ്വാസികൾക്ക് ആരാധന നടത്തുവാൻ ഒരു ദേവാലയം നിർമ്മിക്കുന്നതിനെപ്പറ്റി ചിന്തിക്കുകയും അതിൻഫലമായി ടി നാല് പേർ മുൻകൈയെടുത്ത് പഴയ പള്ളിയുടെ തെക്കോട്ടു മാറി പാലക്കണ്ടം ഭാഗത്ത് സ്ഥലം വാങ്ങുകയും അന്ത്യോഖ്യാ വിശ്വാസത്തിൽ അടിയുറച്ച് നിലകൊണ്ട 28-ഓളം കുടുംബങ്ങളെ ഒരുമിച്ച് ചേർത്ത് ഇടവക രൂപീകരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പൂർത്തിയാക്കുകയും ചെയ്തു. 1976-ൽ നാല്പതാം വെള്ളിയാഴ്ച ആ ദേശത്തെ യാക്കോബായ വിശ്വാസികളുടെ ജീവിതാഭിലാഷം നിറവേറ്റപ്പെടുന്നതിനായി അന്നത്തെ കൊല്ലം, നിരണം ഭദ്രാസനാധിപൻ കാലം ചെയ്ത കുര്യാക്കോസ് മോർ കൂറിലോസ് തിരുമനസ്സുകൊണ്ട് ശ്ലീഹന്മാരിൽ പ്രധാനിയും അന്ത്യോഖ്യാ സിംഹാസന സ്ഥാപകനുമായ പരി: പത്രോസ് ശ്ലീഹായുടെ നാമത്തിൽ ദേവാലയത്തിന് തറക്കില്ലിടുകയും ചെയ്തു. കാട്ടുകമ്പുകളും മുളയും പുല്ലും ചേർത്ത് നിർമ്മിച്ച ചാപ്പലിൽ ബഹു: ജോസഫ് പുറ്റാനിൽ അച്ചൻ വി: കുർബ്ബാന അർപ്പിക്കുകയും ചെയ്തു. 1985-86 കാലഘട്ടത്തിൽ പഴയ ചാപ്പലിന്റെ സ്ഥാനത്ത് കൂടുതൽ സ്ഥലസൗകര്യത്തോടു കൂടി പള്ളി നിർമ്മിക്കുകയും 1988 -ൽ കോട്ടയം ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്ത കാലം ചെയ്ത പെരുമ്പള്ളി ഗീവർഗീസ് മാർ ഗ്രിഗോറിയോസ് തിരുമനസ്സുകൊണ്ട് വി. മൂറോൻ കൂദാശ നിർവ്വഹിക്കുകയും ചെയ്തു. ആരംഭഘട്ടത്തിൽ ഒന്നിടവിട്ട ഞായറാഴ്ചകളിലും ഇപ്പോൾ എല്ലാ ഞായറാഴ്ചകളിലും മാറാനായ പെരുനാളുകളിലും വി: കുർബ്ബാന അർപ്പിക്കപ്പെടുന്നു. എല്ലാ വർഷവും ജനുവരി 26-ാം തീയതി പരിശുദ്ധ പത്രോസ് ശ്ലീഹായുടെ നാമത്തിൽ വലിയ പെരുനാളും വി. ഗീവർഗീസ് സഹദായുടെയും വി. ദൈവമാതാവിന്റെയും ഓർമ്മപ്പെരുനാളുകളും ആഘോഷിക്കപ്പെടുന്നു. പരി: സഭ ക്രമീകരിച്ചിരിക്കുന്ന എല്ലാ ആത്മീയ സംഘടനകളും വളരെ ഭംഗിയായി ഇടവകയുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്നു. 2006 -ൽ വി. ദൈവമാതാവിന്റെ നാമത്തിൽ ഒരു കുരിശിൻതൊട്ടി സ്ഥാപിക്കുകയും എല്ലാ ആദ്യ ശനിയാഴ്ചകളിലും സന്ധ്യാനമസ്കാരം നടത്തപ്പെടുകയും ചെയ്യുന്നു. പരി. സഭയുടെ വിശ്വാസങ്ങളിൽ നിന്ന് അണുവിട വ്യതിചലിക്കാതെ ഇടവക ജനങ്ങളെ സത്യവിശ്വാസത്തിൽ നടത്തി സേവനം ചെയ്ത എല്ലാ വൈദികരെയും ഞങ്ങൾ സ്മരിക്കുന്നു. ഈ ഇടവകയിലെ വികാരിയായി ഫാ. വർഗീസ് ജേക്കബ് പഞ്ഞിക്കാട്ടിൽ സേവനമനുഷ്ഠിച്ചുവരുന്നു.

ആധികളിലും വ്യാധികളിലും ഞങ്ങൾക്ക് അത്താണിയായി ഈ ദേശത്തിനും നാടിനും അഭിമാനമായി പരി: അന്ത്യോഖ്യാ സിംഹാസനത്തിൽ അടിയുറച്ച് പരി: പിതാക്കന്മാരുടെ കൽപ്പനപ്രകാരം ഈ ദേവാലയവും ജനങ്ങളും നിലകൊള്ളുന്നു.



വികാരി
ഫാ. ജേക്കബ് പഞ്ഞിക്കാട്ടിൽ



ട്രസ്റ്റി
കുര്യൻ കുര്യൻ താഴത്ത്



സെക്രട്ടറി
കെ. ജെ. ഏലിയാസ് കിഴക്കേക്കരയിൽ

# സെന്റ് മേരീസ് യാക്കോബായ സുറിയാനിപള്ളി, വാഴവര



ആയിരത്തിതൊള്ളായിരത്തി അൻപതുകളുടെ അവസാനം മദ്ധ്യതിരുവിതാംകൂറിലെ വിവിധ പ്രദേശങ്ങളിൽ നിന്നും കുടിയേറിയവരിൽ കുറെപ്പേർ വാഴവര പ്രദേശത്തും താമസമുറപ്പിച്ചു. ഇങ്ങനെ കുടിയേറിയവരിൽ കോട്ടയം, മൂവാറ്റുപുഴ തുടങ്ങിയ പ്രദേശങ്ങളിൽ നിന്നും വന്ന യാക്കോബായ വിശ്വാസികളും ഉൾപ്പെട്ടിരുന്നു. വന്യമൃഗങ്ങളുടെ ശല്യവും പട്ടിണിയും മൂലമുള്ള കഷ്ടതകൾ നേരിടേണ്ടിവന്നപ്പോഴും അവർ തങ്ങളുടെ ആത്മീയ കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് വിദൂരസ്ഥലങ്ങളിലുള്ള പള്ളികളെ ആശ്രയിക്കേണ്ടി വന്നു. ആ സാഹചര്യത്തിൽ തങ്ങൾക്ക് സ്വന്തമായി ഒരു ആരാധനാ സ്ഥലം വേണമെന്ന് ആഗ്രഹിക്കുകയും അതിനുവേണ്ടി 1964 മേയ്മാസം 27-ാം തീയതി വിശ്വാസികളുടെ ഒരു യോഗം ചേരുകയും എല്ലാവർക്കും കൂടിവന്ന് പ്രാർത്ഥിക്കുന്നതിനുവേണ്ടി ഒരു ഷെഡ് പണിയുവാൻ തീരുമാനിക്കുകയും ചെയ്തു. അതിനായി ശ്രീ. മുട്ടപ്പള്ളിൽ എം.സി. പൗലോസ് അഞ്ച് സെന്റ് സ്ഥലം സംഭാവന നൽകുകയും ആ സ്ഥലത്ത് ഷെഡ് വച്ച് ഞായറാഴ്ച ദിവസങ്ങളിൽ പ്രാർത്ഥന നടത്തിവരികയും ചെയ്തു. തുടർന്ന് അന്നത്തെ കോട്ടയം ഭദ്രാസന മെത്രാപ്പോലീത്ത ആയിരുന്ന നി.വ.ദി.ശ്രീ. മാത്യൂസ് മാർ ഇവാനിയോസ് തിരുമേനിക്ക് നൽകിയ അപേക്ഷയുടെ അടിസ്ഥാനത്തിൽ ടി ഷെഡ് ഇടവകപ്പള്ളിയായി അംഗീകരിക്കുകയും പ്രഥമ വികാരിയായി വന്ദ്യ പഞ്ഞിക്കാട്ടിൽ വറുഗീസ് ജോൺ അച്ചനെ (ഇപ്പോൾ കോറെപ്പിസ്കോപ്പ) നിയമിക്കുകയും ചെയ്തു. അന്ന് 30 കുടുംബങ്ങൾ ഇടവകയിൽ ഉൾപ്പെട്ടിരുന്നു. 1975 വരെ പള്ളിയുടെ പ്രവർത്തനങ്ങൾ ഭംഗിയായി നടന്നുവന്നു.



ഫാ. ജോൺ
പഞ്ഞിക്കാട്ടിൽ

1974 -75 കാലഘട്ടത്തിൽ മലങ്കര സുറിയാനി സഭയിലുണ്ടായ, സത്യവിശ്വാസത്തിനെതിരായ പ്രവർത്തനങ്ങൾ ഈ ഇടവകയേയും ബാധിക്കുകയും, ഇടവകാംഗങ്ങളിൽ 80 ശതമാനവും അന്ത്യോഖ്യാ വിശ്വാസത്തിൻ കീഴിലുള്ള സത്യവിശ്വാസത്തിൽ ഉറച്ചുനിന്നുവെങ്കിലും നിലവിലുണ്ടായിരുന്ന വികാരി പി.എം. ജോൺ അച്ചനും, ട്രസ്റ്റിയും വിരുദ്ധപക്ഷത്തു ചേരുകയും പള്ളി സ്വത്തുക്കൾ സംബന്ധിച്ച് കോടതിയിൽ വ്യവഹാരങ്ങൾ ഉടലെടുക്കുകയും ചെയ്തു. ഈ സാഹചര്യത്തിൽ ഇടവകയിൽ സമാധാനം നിലനിർത്തിക്കൊണ്ട് ആത്മീയ കാര്യങ്ങൾ മുടക്കം കൂടാതെ നടത്തിക്കൊണ്ടു പോകുന്നതിനു വേണ്ടി അന്നത്തെ കോട്ടയം, കണ്ടനാട് ഭദ്രാസനങ്ങളുടെ മെത്രാപ്പോലീത്ത ആയിരുന്ന നി.വ.ദി. ശ്രീ. പൗലോസ് മാർ പീലക്സീനോസ് തിരുമേനി (പിന്നീട് ശ്രേഷ്ഠ കാതോലിക്കാ)യുടെ സഹായം അഭ്യർത്ഥിക്കുകയും തിരുമേനിയുടെ നിർദ്ദേശപ്രകാരം പുതിയ ഒരു ദേവാലയം സ്ഥാപിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. ഇതനുസരിച്ച് ശ്രീ. വറുഗീസ് കൊടയക്കാട്ടു പക്കൽ നിന്നും അര ഏക്കർ സ്ഥലം വാങ്ങി ഒരു താൽക്കാലിക കെട്ടിടം നിർമ്മിക്കുകയും 19-10-75 ഞായറാഴ്ച ദിവ്യശ്രീ ജോസഫ് പുറ്റാനിൽ കശ്ശീശ പ്രഥമ ദിവ്യബലി അർപ്പിക്കുകയും ചെയ്തു. ഇടുക്കി ജില്ലയിൽ കട്ടപ്പന പഞ്ചായത്തിൽ ഇടുക്കി കട്ടപ്പന സ്റ്റേറ്റ്ഹൈവേയിൽ വാഴവര ജംഗ്ഷനിൽ നിന്നും 500 മീറ്റർ വടക്ക് കിഴക്കായി ഈ ദേവാലയം സ്ഥിതി ചെയ്യുന്നു. ഇപ്പോൾ ഈ ഇടവകയിൽ 40 കുടുംബങ്ങൾ ഉണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഈ ഇടവകയിലെ നാമമാത്രമായ അംഗങ്ങളുടെ നിരന്തരമായ പരിശ്രമവും കഠിനാദ്ധ്വാനവും കാലാകാലങ്ങളിൽ സേവനമനുഷ്ഠിച്ച വികാരിമാരുടെയും സ്വദേശത്തും വിദേശത്തുമുള്ള വിശ്വാസികളുടെയും അഭ്യുദയകാംക്ഷികളുടെയും സഹകരണത്തോടെ ഇപ്പോൾ നിലവിലുള്ള പള്ളിയുടെയും പള്ളിമുറിയുടെയും നിലവിലുള്ള മൂന്ന് കുരിശിൻതൊട്ടികളുടെയും പണി പൂർത്തിയാക്കുവാൻ സാധിച്ചു. പള്ളിയുടെ മുഖവാരം ഇന്നത്തെ നിലയിൽ പൂർത്തീകരിച്ചതിൽ ബഹു. മാത്യൂസ് ആലയ്ക്കക്കുടി അച്ചന്റെയും പള്ളിമുറിയുടെ നിർമ്മാണം പൂർത്തീകരിച്ചതിൽ ബഹു. വറുഗീസ് ജേക്കബ് പഞ്ഞിക്കാട്ടിൽ അച്ചന്റെയും സേവനങ്ങൾ പ്രത്യേകം സ്മരണീയമാണ്.

ഈ ഇടവകയിൽ സേവനം അനുഷ്ഠിച്ച വികാരിമാർ: ഫാ. ജോസഫ് പുറ്റാനിൽ, റവ.ഫാ. ഏബ്രഹാം പരുത്തിക്കുന്നേൽ, ഫാ. ജോർജ്ജ് കുന്നത്ത്, ഫാ. ജേക്കബ് കക്കാട്ടിൽ, ഫാ. എ. തോമസ് വേങ്കടത്ത്, ഫാ. മാത്യൂസ് ആലയ്ക്കാക്കുടി, ഫാ. കുര്യാക്കോസ് പ്ലാംപറമ്പിൽ, ഫാ. കുര്യൻ ജോയി കല്ലുങ്കത്ര, ഫാ. വറുഗീസ് ജേക്കബ് പഞ്ഞിക്കാട്ടിൽ, ഫാ. ജോൺ വറുഗീസ് പഞ്ഞിക്കാട്ടിൽ